# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (എം.2)-361/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (എം.2)-361/2022 തീയ്യതി: 23/06/2022

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി.കെ. | ജോയിന്റ് ഡയറക്ടർ | 13-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശിവപ്രിയ സന്തോഷ് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| മുഹമ്മദ് അനസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീബ.എം.വി | അസി.എഞ്ചിനീയർ | 01-04-2019 | 02-08-2019 |
| മഹേന്ദ്ര.പി.എ | അസി.എഞ്ചിനീയർ | 03-08-2019 | 31-03-2020 |
| വിജയപ്രകാശ്.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 22-09-2019 |
| വൈകുണ്ഠൻ.എൽ.എസ് | ഹെൽത്ത് ഇൻസ്പെക്ടർ | 23-09-2019 | 31-03-2020 |
| ഡോ.ബിജു.പി.ജി | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.രാധിക.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സ്മിത രവി | മെഡിക്കൽ ഓഫീസർ, ഗവ.വിഷവൈദ്യ ആശുപത്രി | 01-04-2019 | 31-03-2020 |
| ഷീല.എസ് | കൃഷി ഓഫീസർ, വടക്കാഞ്ചേരി | 01-04-2019 | 29-04-2019 |
| രേഖ.സി.ആർ | കൃഷി ഓഫീസർ, വടക്കാഞ്ചേരി (അഡീഷണൽ ചാർജ്ജ്) | 30-04-2019 | 22-09-2019 |
| സ്മിത.എം.കെ | കൃഷി ഓഫീസർ, വടക്കാഞ്ചേരി | 23-09-2019 | 31-03-2020 |
| രേഖ.സി.ആർ | കൃഷി ഓഫീസർ, മുണ്ടത്തിക്കോട് | 01-04-2019 | 31-03-2020 |
| ചന്ദ്രശേഖരൻ.വി | പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്, വടക്കാഞ്ചേരി | 01-04-2019 | 31-03-2020 |
| വിനീത ഉണ്ണികൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,മുണ്ടത്തിക്കോട് | 01-04-2019 | 31-03-2020 |
| എം.കെ. ശോഭന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,വടക്കാഞ്ചേരി | 01-04-2019 | 31-03-2020 |
| ഡോ.ജോ കുര്യാക്കോസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 24-08-2019 |
| ഡോ. വി.എം. ഹാരിസ് | സീനിയർ വെറ്ററിനറി സർജൻ | 25-08-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച മുൻസിപ്പൽ നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും നഗരസഭയും<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-10 |
| 13 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 01-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-11 |
| 14 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 01-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-11-1 |
| 15 | വരവിനങ്ങളുടെ ഡിമാന്റ് തുക കൃത്യമായി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 01-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-11-2 |
| 16 | വസ്തു നികുതി ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-11-3 |

| | | |
|---|---|---|
| 17 | വസ്തു നികുതി -ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-06-2022) | 1-11-4 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുളള വരുമാനങ്ങൾ - ഡിമാന്റ് രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-11-5 |
| 19 | ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-6 |
| 20 | നിയന്ത്രണങ്ങളില്ലാതെ ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നു<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-7 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-8 |
| 22 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-11-9 |
| 23 | പ്രോവിഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-11-10 |
| 24 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-11 |
| 25 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-12 |
| 26 | Capital Contribution-വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-13 |
| 27 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങൾക്ക് അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-14 |
| 28 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-11-15 |
| 29 | വായ്പരജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-11-16 |
| 30 | രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ<br>Written By: Jayan VS (Auditor, On 08-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-12 |

| | | |
|---|---|---|
| 31 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Jayan VS (Auditor, On 11-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-13 |
| 32 | വാടക - അപാകതകൾ<br>Written By: Jayan VS (Auditor, On 11-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-14 |
| 33 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jayan VS (Auditor, On 11-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-15 |
| 34 | വിവിധ വരവിനങ്ങൾ വാർഷിക കണക്കിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 11-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-16 |
| 35 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ -വരവിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 11-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-17 |
| 36 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.<br>Written By: Jayan VS (Auditor, On 11-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-18 |
| 37 | നഗരസഭയിൽ അടവാക്കാത്ത വസ്തുനികുതി സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നു.<br>Written By: Joyson (Auditor, On 23-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-19 |
| 38 | ഒക്യുപ്പൻസി സാക്ഷ്യപത്രമില്ലാതെ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനഃനിർണ്ണയിച്ചു<br>Written By: Joyson (Auditor, On 23-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-20 |
| 39 | അനധികൃത മൊബൈൽ ടവറുകൾ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു<br>Written By: Joyson (Auditor, On 23-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-21 |
| 40 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു<br>Written By: Joyson (Auditor, On 23-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-22 |
| 41 | വില്ലേജിൽ നിന്നുള്ള വാല്യുവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു<br>Written By: Joyson (Auditor, On 23-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-23 |
| 42 | വാഹന റിപ്പയർ - ബന്ധപ്പെട്ട ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 03-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-24 |
| 43 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 03-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-25 |
| 44 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: P.G.Sadanandan (Audit Officer, On 06-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-26 |
| 45 | ഹാജർ പുസ്തകം സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 06-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-27 |
| 46 | വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 06-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-28 |
| 47 | ഗുണഭോക്താക്കൾ കൈപ്പറ്റാത്ത തൊഴിൽരഹിത വേതനം ട്രഷറിയിൽ | 1-29 |

| | | |
|---|---|---|
| | തിരിച്ചടച്ചത് -ഒറിജിനൽ ട്രഷറി ചലാൻ ഹാജരാക്കിയില്ല – ഫയൽ നമ്പർ G4(A16)8692/17<br>Written By: Ram Manohar V.K (Audit Officer (HG), On 06-02-2022)<br>Last Updated By: Joyson (Auditor, On 18-03-2022) | |
| 48 | ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P.G.Sadanandan (Audit Officer, On 06-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-30 |
| 49 | അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം -സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ നിർബന്ധിതമായി ഈടാക്കിയതിനാൽ വികസന ഫണ്ട് നഗരസഭയ്ക്ക് നഷ്ടമായി<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-31 |
| 50 | എസ്.എൽ.ബി. പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-32 |
| 51 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-33 |
| 52 | പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-34 |
| 53 | കക്കൂസ് റിപ്പയർ-ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-35 |
| 54 | വീട് റിപ്പയർ (എസ്.സി) -സ്പിൽ ഓവർ- ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-36 |
| 55 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-37 |
| 56 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവു രേഖകളോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-38 |
| 57 | പട്ടിക ജാതി വികസന ഓഫീസർ അനുവദിച്ച, സാമൂഹ്യ ഭൂപടവും, സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-39 |
| 58 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-40 |
| 59 | മുൻസിപ്പാലിറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-41 |

| | | |
|---|---|---|
| 60 | മുൻസിപ്പാലിറ്റി ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-42 |
| 61 | മാലിന്യനിർമ്മാർജ്ജനം - സ്റ്റേറ്റ് പോളിസി അനുസരിച്ച് നഗരസഭ തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-43 |
| 62 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് - വിവരം ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-44 |
| 63 | അസറ്റ് മാനേജ്മെന്റ് മാനുൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-45 |
| 64 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-46 |
| 65 | മരാമത്ത് പണികൾ-- മാനുൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-47 |
| 66 | ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-48 |
| 67 | ഓട്ടുപാറ കുളം നവീകരണം പ്രവൃത്തി വർക്സ് കോൺട്രാക്ട് ഇനത്തിൽ പെടുത്തി ജി.എസ്.ടി വിഹിതം അനുവദിച്ചത് ക്രമത്തിലല്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-49 |
| 68 | GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ചു നൽകി<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-50 |
| 69 | വിവിധ മെറ്റീരിയൽ റിക്കവറി സെന്ററുകളുടെ നിർമ്മാണം- തുടർ വിവരം ലഭ്യമാക്കണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-51 |
| 70 | കാലിബ്രാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 1-52 |
| 71 | നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ഓഡിറ്റ് കാലയളവിലെ തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-06-2022) | 1-53 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |

| | | |
|---|---|---|
| 1 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: P.G.Sadanandan (Audit Officer, On 07-02-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 3-1 |
| 2 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ram Manohar V.K (Audit Officer (HG), On 22-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 09-03-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 09-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 27.02.19 ലെ തീരുമാനം 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് ചർച്ച ചെയ്ത് ഭേദഗതികളോടെ കൗൺസിലിലേക്ക് ശുപാർശ ചെയ്ത് അംഗീകരിക്കുകയുണ്ടായി. 28.02.19ലെ കൗൺസിൽ യോഗതീരുമാനം 1 അനുസരിച്ച് 2019-20 വർഷത്തെ ബജറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് മുൻബാക്കി 5,15,12,589 രൂപയും, പ്രതീക്ഷിത വരുമാനം 201,94,46,300 രൂപയും ചേർത്ത് ആകെ വരവ് 207,09,58,889 രൂപയും ആകെ ചെലവ് 196,80,50,800 രൂപയും നീക്കിബാക്കി 10,29,08,089 രൂപയും ആണ്. 27.03.20 ലെ കൗൺസിൽ യോഗതീരുമാനം 1 പ്രകാരം നഗരസഭ കൗൺസിൽ (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 17.03.20 ൽ അംഗീകരിച്ച) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 5,41,39,469 രൂപയും, പ്രതീക്ഷിത വരുമാനം 87,77,50,000 രൂപയും ചേർത്ത് ആകെ വരവ് 93,18,89,469 രൂപയും ആകെ ചെലവ് 85,50,33,000 രൂപയും നീക്കിബാക്കി 7,68,56,469 രൂപയും ആണ്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള മുൻബാക്കിയും, പുതുക്കിയ ബജറ്റ് പ്രകാരമുള്ള മുൻബാക്കിയും ഏറെക്കുറെ യോജിച്ചുപോകുന്നുണ്ടെങ്കിലും, 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിതവരവും, പ്രതീക്ഷിതചെലവും പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിതവരവും, പ്രതീക്ഷിതചെലവും ആയി വലിയ അന്തരം പുലർത്തുന്നതായാണ് കാണാൻ കഴിയുന്നത്.

നഗരസഭ ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച മുൻസിപ്പൽ നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും നഗരസഭയും

1) 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 285 വകുപ്പനുസരിച്ച്, സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോവർഷവും ജനുവരി 15 ാം തീയതിക്കോ, അതിനു മുൻപോ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതും, നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്ക് തോന്നുന്നതായാൽ, അത് സംബന്ധിച്ച തന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

ഇതേ നിയമത്തിലെ 286(1) വകുപ്പനുസരിച്ച്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുതനിർദ്ദേശങ്ങളേയും മുൻസിപ്പാലിറ്റി നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ച് കൊണ്ട് അതിൽനിന്നും അടുത്ത വർഷത്തേക്കുള്ള മുൻസിപ്പാലിറ്റിയുടെ വരവ് ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 21.01.19 ലെ തീരുമാനം(7) പ്രകാരം നഗരസഭയുടെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ സെക്ഷനുകൾക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും അറിയിപ്പുകൾ നൽകുന്നതിന് തീരുമാനിച്ചിരുന്നു. നഗരസഭയിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി ബന്ധപ്പെട്ട മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ നഗരസഭ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും മുൻസിപ്പാലിറ്റി നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ച് കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച മുൻസിപ്പൽ കൌൺസിൽ മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ മുൻസിപ്പൽ കൌൺസിൽ പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

മുൻസിപ്പൽ കൗൺസിൽ ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2007 ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 63 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് മുൻസിപ്പാലിറ്റി തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ മുൻസിപ്പാലിറ്റി അംഗീകരിച്ച ബജറ്റിൽ ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 293(2) വകുപ്പനുസരിച്ച്, ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ചുശതമാനത്തിൽ കുറയാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. മേൽ വിവരിച്ച പത്രികകളുടെ അഭാവം ബജറ്റിൽ ചേർത്ത പ്രവർത്തന നീക്കിയിരിപ്പ് ഈ വ്യവസ്ഥപ്പെടുത്തൽ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള മുൻസിപ്പൽ നിയമം 289(1) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

1994ലെ കേരള മുൻസിപ്പാലിറ്റിനിയമം 293(5) വകുപ്പ് അനുസരിച്ച്, ഒരു വർഷത്തിനിടക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ സ്റ്റാന്റിംഗ് കമ്മറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി അനുവാദത്തിനുവേണ്ടി കൗൺസിൽ മുൻപാകെ വയ്ക്കേണ്ടതാണ്. മുൻസിപ്പാലിറ്റി ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ഒരു സന്ദർഭം ചുവടെ ചേർക്കുന്നു.

22.05.19 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 2 അനുസരിച്ച്, 2019-20 സാമ്പത്തികവർഷത്തെ പദ്ധതിയിലേക്ക് വകയിരുത്തിയ ഫണ്ട് വിഹിതം മാറിയ സാഹചര്യത്തിൽ നഗരസഭയുടെ പദ്ധതികളുടെ ഫണ്ട് ക്രമീകരണത്തിനായി സ്റ്റിയറിംഗ് കമ്മറ്റിയുടെ പരിഗണനക്കായി ടി-വിഷയം അയക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 31.05.19ലെ കൗൺസിൽ തീരുമാനം 2(3), 2(8) എന്നിവ പ്രകാരം 15 പ്രൊജക്ടുകൾ ഉപേക്ഷിക്കുന്നതിനും, 62 പ്രൊജക്ടുകൾ റിവിഷൻ നടത്തുന്നതിനും തീരുമാനിച്ചു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2007 ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 65 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണഉദ്യോഗസ്ഥർക്കും, അക്കൗണ്ട്സ് ഓഫീസർക്കും ആയിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചതായി കരുതാനാകില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സ്വീകരിച്ച തിയതി |
|---|---|---|
| 31.07.2020 | 16/11/2020 | 06/01/2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 593,83,039.00 |
| വരവ് | 29,68,82,238.00 |
| ആകെ | 35,62,65,277.00 |

| | |
|---|---|
| ചെലവ് | 26,68,07,271.00 |
| നീക്കിയിരിപ്പ് | 8,94,58,006.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ഇല്ല | 21888789 | 21888789 | 13606171 | 5559422 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | ഇല്ല | 29445000 | 29445000 | 9945462 | 19499538 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | ഇല്ല | 266000 | 266000 | 266000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | ഇല്ല | 16113000 | 16113000 | 6592144 | 9520856 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | ഇല്ല | 8672000 | 8672000 | 3592874 | 5079126 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | ഇല്ല | 17510000 | 17510000 | 5496069 | 12013931 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 631 | 245092461 | 449 | 71018728 | | 182 | 71.11% |

## 1-6 തൊഴിലുറപ്പ് പദ്ധതി-അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4427177 | 10679828 | 15107005 | 488400 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | 12007937 | 2610668 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 181920 | 274 |
| കർഷകതൊഴിലാളി പെൻഷൻ | 15431200 | 1070 |
| വിധവാ പെൻഷൻ | 38373200 | 2862 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 53687800 | 4330 |
| വികലാംഗപെൻഷൻ | 9735200 | 733 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6155300 | 458 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 600000 | 20 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.22 തിയ്യതിയിൽ 3.00 Pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,14,225/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/2015 മുതൽ 31.03.2016 വരെ | 01.10.2016 മുതൽ 06.01.2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08/03/2019 | 2016-17മുതൽ 2017-18 വരെ | 27.04.2019 |

## 1-11 വാർഷിക കണക്കുകളുടെ പരിശോധന

2019-20 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു അപാകതകൾക്ക് മറുപടി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി:71/01.02.2022)

### 1-11-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള മുൻസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58-(2) (എഫ്)

### 1-11-2 വരവിനങ്ങളുടെ ഡിമാന്റ് തുക കൃത്യമായി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54എഫ് &ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59).

1.1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

1.2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

1.3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

1.4. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

1.5. വിനോദനികുതി

1.6. വാടക ഡിമാന്റ് രജിസ്റ്റർ

1.7. ബസ് സ്റ്റാന്റ് ഫീ

നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും വാർഷിക കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക സാങ്കല്പികമായി ചേർക്കുന്നതാണെന്ന് കാണുന്നു. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11-3 വസ്തു നികുതി ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16 വരെ). ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ 2019-20 ലെ "110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 04.04.2019 ൽ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന് കാണാവുന്നതാണ്.

ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

## 1-11-4 വസ്തു നികുതി -ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
മേൽ കാരണങ്ങളാൽ വസ്തുനികുതി ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11-5 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ - ഡിമാന്റ് രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല

2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)]. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21 മുതൽ 10.23 വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130109900-Rent From Other Civic Amenities | 4574607 | 04/04/2019 | 41900004 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-6 ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income -Property Tax General | (2,17,49,724) |
| 280100600-Prior Period Income -Profession Tax/instituition /traders/.... | (1,42,239) |
| 280209900-Prior Period Income- Other Income | (64,304) |
| 280500100-Prior Period Expenses-Tax Remission And Refund- Property Tax General | 2,724 |
| 280800100-Prior Period-Establishment Expenses | 20,000 |
| 280800200-Prior Period- Administrative Expenses | (1,00,050) |
| 280800300-Prior Period- Operations And Maintenance Expenses | 4,124 |
| 280800400-Prior Period- Interest And Finance Charges | 25,00,000 |
| 280800500-Prior Period- Programme Expenses | 24,65,400 |

## 1-11-7 നിയന്ത്രണങ്ങളില്ലാതെ ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007.ചട്ടം7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

## 1-11-9 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditure പത്രിക ഷെഡ്യൂൾ1-17(a) പ്രകാരം 95,12,075 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-10 പ്രോവിഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക ഷെഡ്യൂൾ I-16 പ്രകാരം ₹10,67,587/- പ്രോവിഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ പ്രോവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-11 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതീയിൽ ആരുടെയെല്ലാം ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്ന തരത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11-12 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതീയിൽ ആരുടെയെല്ലാം മുൻകൂറുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11-13 Capital Contribution-വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

31/3/2020ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ ₹8,49,01,053/- Capital Contribution ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തേക്കാൾ ₹7453675/- കൂട്ടിച്ചേർത്തതിന്റെ വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-11-14 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങൾക്ക് അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-11-15 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 5,15,300/-രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-16 വായ്പരജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 "Secured Loans"എന്ന ശീർഷക പ്രകാരം ₹9,91,95,353/-, ഷെഡ്യൂൾ B-6" Unsecured Loans" എന്ന ശീർഷക പ്രകാരം ₹2,87,60,446/- തിരിച്ചടവാക്കാൻ ശേഷിക്കുന്നുണ്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പ്രൊജക്ട് നം.6/20 രാജീവ് ഭവന വായ്പ തിരിച്ചടവ് എന്ന പ്രൊജക്ട് പ്രകാരം ₹10,00,000/- (വൗച്ചർ നം.21900378/20.07.2019), പ്രൊജക്ട് നം.744/20 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (വികസന ഫണ്ട് ജനറൽ) എന്ന പ്രൊജക്ട് പ്രകാരം 45,93,334/- രൂപയും, പ്രൊജക്ട് നം.745/20 ലൈഫ്

മിഷൻ വായ്പ മുതൽ തിരിച്ചടവ് (വികസന ഫണ്ട് എസ്.സി.പി.) എന്ന പ്രൊജക്ട് പ്രകാരം 14,40,000/-രൂപയും തിരിച്ചടച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് വായ്പരജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-12 രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ

I) നഗരസഭയിൽ ഉപയോഗിക്കുന്ന മാനുവൽ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) രശീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല [2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 74] {കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2} .

2) കാൻസൽ ചെയ്യുന്ന രശീതികൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല.

3) രശീതി പുസ്തകങ്ങളിലെ ഉപയോഗിക്കാതെ അവശേഷിക്കുന്ന രശീതികൾ കാൻസൽ ചെയ്യാതെ അവശേഷിക്കുകയും അടുത്ത രശീതി പുസ്തകം ഉപയോഗത്തിലെടുക്കുകയും ചെയ്യുന്നു.

4) ഒരേ സമയം ഒന്നിലധികം രശീതി പുസ്തകങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനായി അനുവദിച്ച് നൽകുകയും ഒരേ സമയം വിവിധ പുസ്തകങ്ങളിൽ രശീതി പിരിവ് നടത്തുകയും ചെയ്യുന്നു [2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 74] {കേരള ട്രഷറി കോഡ് വോള്യം I, റൂൾ 90(a), കുറിപ്പ് 2}.

5) നമ്പർ ക്രമത്തിൽ രശീതി പുസ്തകങ്ങൾ ഉപയോഗിക്കാത്തതു മൂലം ഇടയിൽ അനവധി രശീതി പുസ്തകങ്ങൾ ഉപയോഗിക്കാതെ കൈവശം വച്ചിരിക്കുന്നു.

6) സെക്രട്ടറിയുടെ ഒപ്പിന്റെ മുദ്ര ഒന്നിലധികം പുസ്തകങ്ങളിൽ പതിപ്പിച്ച് സൂക്ഷിച്ചിരിക്കുന്നു. ആവശ്യത്തിന് മാത്രം മുദ്ര വച്ച് നൽകാതെ നേരത്തേ തന്നെ ഇത്തരത്തിൽ ചെയ്യുന്നതിനാൽ അനവധി പുസ്തകങ്ങൾ കാൻസൽ ചെയ്യേണ്ടി വരുന്നു. ഉദാഹരണത്തിന് ബുക്ക് നമ്പർ 236, 240, 243, 247, 248, 249, 250, 255, 272, 273 എന്നിവ ഒട്ടും ഉപയോഗിക്കാതെ തന്നെ കാൻസൽ ചെയ്യേണ്ടി വന്നിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 79/02.02.2022 ന് മറുപടിയായി അപാകതകൾ പരിഹരിക്കുമെന്ന് അറിയിക്കുകയും കാൻസൽ ചെയ്ത രശീതികൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയുമുണ്ടായി.

II) സാംഖ്യ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ.

1) കാൻസൽ ചെയ്യുന്ന രശീതികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ദൈനംദിനമായി കാൻസൽഡ് റസീറ്റ് റിപ്പോർട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) സോണൽ ഓഫീസിൽ ഉപയോഗത്തിനായി സ്വീകരിക്കുന്ന രശീതികളുടെ സ്റ്റോക്ക് രേഖപ്പെടുത്തുകയോ അതാത് ദിവസം ഉപയോഗിക്കുന്നതും കാൻസൽ ചെയ്യുന്നതും തിരികെ മെയിൻ ഓഫീസിൽ ഏൽപ്പിക്കുന്നതുമായ രശീതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കുകയോ ചെയ്യുന്നില്ല. ചുമതലപ്പെട്ടവർ ഇവയുടെ പരിശോധന നടത്തുന്നില്ല.

4) സോണൽ ഓഫീസിൽ ഉപയോഗിക്കുന്ന സാംഖ്യ രശീതികളിലെ കാൻസൽ ചെയ്തവയും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

III) വടക്കാഞ്ചേരി കൃഷി ഓഫീസർക്ക് അനുവദിച്ച രശീതി പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) രശീതികൾ എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല. [2007 ലെ കേരള മുനിസിപ്പൽ (അക്കൗണ്ട്സ്) റൂൾസ്, സെക്ഷൻ 18(2)]

2) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 )

3) ഉപഭോക്താവിന് രശീതിയുടെ കാർബൺ കോപ്പി നൽകുന്നതിന് പകരം ഒറിജിനൽ നൽകി.

രശീതികളുടെ ഉപയോഗത്തിൽ ഉത്തരവാദപ്പെട്ടവർ കൃത്യമായ നിർദ്ദേശം നൽകുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

നഗരസഭയിൽ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്നവ പാലിക്കേണ്ടതാണ്.

1) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ വിവരവും അവയിൽ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങളുടെ വിവരവും ലഭ്യമാക്കുകയുണ്ടായില്ല. SIDCO ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുതലായവ ഈ നഗരസഭയുടെ പരിധിയിലുള്ളതാണ്. അത്തരത്തിലുള്ളവയുടെ വിവരങ്ങളും ഇവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് പരിധിയിൽ വരുന്നവയെ ലൈസൻസ് എടുപ്പിക്കേണ്ടതും അതിൽ നിന്നും ഒഴിവ് ലഭിച്ചവയുടെ വിവരങ്ങൾ ശേഖരിച്ച് വയ്ക്കുകയും ചെയ്യേണ്ടതാണ്. നഗരസഭാ പരിധിയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അല്ലാതെയും പ്രവർത്തിക്കുന്ന ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള MSME പോലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളും സൂക്ഷിക്കേണ്ടതാണ്.

2) ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ 1723 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തതായി കാണുന്നത്. സഞ്ചയ പ്രകാരം 5176 പാർപ്പിടേതര കെട്ടിടങ്ങളാണ് ഉള്ളത്.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 249 പ്രകാരം നഗരസഭാ പരിധിയിലുള്ള വാണിജ്യ കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും കെട്ടിട ഉടമകളിൽ നിന്നും വിവരം ശേഖരിച്ച് വാണിജ്യ വ്യാപാര സംരംഭക പ്രവർത്തനങ്ങളിലേർപ്പെടുന്നവർ ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3) ലൈസൻസിനുള്ള ചില അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ (പഴയത്) | കെട്ടിട നമ്പർ (പുതിയത്) | അപാകതകൾ |
|---|---|---|---|
| പി.കെ.ഇൻഡസ്ട്രീസ്, എങ്കക്കാട് | 8/425 | 18/414 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| പീകോക്ക് റോക്ക് പ്രൊഡക്ട്സ്, പാർളിക്കാട് | 17/548, 549 | 5/430, 431 | മൈനിങ്ങ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഫോം L രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഫോം D ലൈസൻസ്, ഫോം G ലൈസൻസ് എന്നിവയുടെ കാലാവധി 04.02.2019 തീയതി വരെ മാത്രമാണ്. ഫാക്ടറീസ് & ബോയ്‌ലേഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. |
| ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈന്റ് & ബ്രെയിൻ, മിണാലൂർ | 8/273 A | 27/426 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.11.2019 തീയതി വരെ മാത്രമാണ്. |
| കൃഷ്ണ പേപ്പർ പ്രൊഡക്ട്സ്, മുണ്ടത്തിക്കോട് | 16/436 H | 41/412 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| വിജയ് ഇൻഡസ്ട്രീസ്, | 16/436 F | 41/410 | മലിനീകരണ നിയന്ത്രണ ബോർഡിൽ |

| | | | |
|---|---|---|---|
| മുണ്ടത്തിക്കോട് (ആണി നിർമ്മാണം) | | | നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| റോസി പ്ലാസ്റ്റ്, മുണ്ടത്തിക്കോട് | 16/438 | 41/405 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| സിറ്റി ജ്വല്ലറി | 11/1237 | | ആസിഡ് ഉപയോഗിച്ചുള്ള നിർമ്മാണത്തിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം കരസ്ഥമാക്കേണ്ടതാണ് എന്ന് ലൈസൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല. |
| നിഷാദ് ബാങ്കിൾ കട്ടിംഗ് | 11/1307 | | " " " |

4) നഗരസഭയുടെ മുറികൾ വാടകയ്ക്കെടുക്കുകയും എന്നാൽ ലൈസൻസ് എടുക്കാതിരിക്കുകയും ചെയ്ത ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

A) ഓട്ടുപാറ ബസ് സ്റ്റാന്റ് ബിൽഡിംഗ്, മാർക്കറ്റ് മുതലായവ

| | |
|---|---|
| 3/938 | ഖാദർ.സി.കെ |
| 10/393 | മുസ്തഫ, കറപ്പംവീട്ടിൽ |
| 10/394 | ഹമീദ്, പുതുപറമ്പിൽ |
| 10/396 | ചാക്കോച്ചൻ, തലക്കോട്ടുകര |
| 10/398, 399 | സൈനബ, മടപ്പാട്ടുപറമ്പിൽ |
| 10/400 | ജയകുമാർ, പുഞ്ചയിൽ |
| 10/405 | അബ്ദുൾ റഹ്മാൻ.സി.എ, ചെമ്പത്തേതിൽ |
| 10/406 | മാമു, മാളത്ത് |
| 10/407 | ഹമീദ്, നാലകത്ത് |
| 10/408 | മുഹമ്മദ്കുട്ടി, ബ്ലാഗയിൽ |
| 10/409 | മുഹമ്മദ്കുട്ടി, പുതുവീട്ടിൽ |
| 10/410 | നവാസ്, പരുത്തിക്കാട്ടിൽ |
| 10/411 | മെയ്തീൻകുട്ടി, മാളത്ത് |
| 10/412 | ഷമീർ,.എ.എം, ആശാരിപറമ്പിൽ |
| 10/413, 417 | മുഹമ്മദ്.എസ്.ഐ, കുന്നത്ത് പറമ്പിൽ |
| 10/414 | അബ്ദുൾ ജമാൽ, ബ്ലാഗയിൽ |

| | |
|---|---|
| 10/418, 419 | റോയ് സഖറിയ, വലിയപറമ്പിൽ |
| 10/422 | ഉമേഷ്.എൻ.ജി, നെയ്ത്തുകുളങ്ങര |
| 10/425 | കെ.വി.സണ്ണി, കിടങ്ങൻ |
| 10/428 | ഷാനിബ, കൊട്ടമാപറമ്പിൽ |
| 11/730 | കെ.എ.സലിം, കഴുങ്കിൽ |
| 11/731 | ജോൺസൺ, നടയ്ക്കലാൽ |
| 11/732 | ജാഫർ, കല്ലിങ്കൽ |
| 11/743 | ഷെമീർ, കാക്കനാത്ത്7 |
| 11/744 | പുഷ്പരാജൻ, പാറപറമ്പിൽ |
| 11/745 | പ്രദീപ്, മേലേതിൽ |

B) ഫിഷ് സ്റ്റാളിലെ 8 എണ്ണത്തിന് ലൈസൻസ് എടുത്ത് കാണുന്നില്ല.

C) അത്താണി ഷോപ്പിംഗ് കോംപ്ലക്സ്, മുണ്ടത്തിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുതലായവ

| | |
|---|---|
| 11/466 (543) | ഉണ്ണികൃഷ്ണൻ, പുളിഞ്ചേരി |
| 11/469 (556) | എ.വി.ആന്റണി, ആലപ്പാടൻ |
| 11/471 (558) | ജോണി, അറങ്ങാശ്ശേരി |
| 11/472 (562) | ഷാഹുൽ ഹമീദ്, പുതിയറയ്ക്കൽ |
| 11/475 (562) | ടൈജു.എം.ജെ, മണലിപ്പറമ്പിൽ |
| 11/479 (566) | ഡെയ്സി ജോൺസൺ, തൈക്കാട്ടിൽ |
| 11/480 (567) | സജിത മനോജ്, കുന്നംകുമരത്ത് |
| 11/488 (575) | സിജി, ഐക്കരപ്പറമ്പിൽ |
| 11/489 (576) | മോഹൻ, മൊട്ടയ്ക്കപറമ്പിൽ |
| 11/493 (580) | എം.ജെ.ടൈറ്റസ്, മണലിപറമ്പിൽ |
| 11/495 (582) | സിജി, ഐക്കരപ്പറമ്പിൽ |
| 11/497 (584) | പി.കെ.തോമസ്, പൊറത്തൂർ |
| 11/498 (585) | ആനന്ദൻ, വിളക്കത്തറ |
| 11/499 (586) | ജോൺ.കെ.മംഗലം, പൂമംഗലം |
| 11/500 (587) | സന്തോഷ്.കെ.എസ്, കോഴിപ്പറമ്പിൽ |
| 11/576 D | പീയൂസ്, ആളൂർ ഹൗസ് |
| 16/432 A | കൃഷ്ണൻകുട്ടി നായർ, കണ്ണപ്പാട്ടിൽ |
| 16/436 C | സുനിൽ കുമാർ, പട്ടുകുളങ്ങര |

| | |
|---|---|
| 16/437 C | ഹരിദാസൻ, മൂരയിൽ |

ലൈസൻസ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും ശേഖരിച്ച് വയ്ക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.21/27.01.22)

## 1-14 വാടക - അപാകതകൾ

1) കെട്ടിടങ്ങൾ/മുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് മുൻസിപ്പാലിറ്റി ബൈലോയോ/റഗുലേഷനോ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/18.01.2022) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് നിലവിലിരുന്ന സമയത്തെ ബൈലോയാണ് ഉപയോഗിച്ച് വരുന്നത് എന്നും പഞ്ചായത്ത് നഗരസഭയായി മാറിയതിനെ തുടർന്ന് മുനിസിപ്പൽ ചട്ടങ്ങൾക്കനുസരിച്ചുള്ള ബൈലോ തയ്യാറാക്കുന്നതുമാണെന്നാണ് അറിയിച്ചിട്ടുള്ളത്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2) നിലവിൽ നഗരസഭയുടെ കീഴിൽ വാടകയ്ക്ക് നൽകുവാൻ 181 മുറികളാണുള്ളതെന്നും ഇവയിൽ 25 എണ്ണം ഒഴിഞ്ഞ് കിടക്കുകയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇവ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3) വാടക രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-15 പ്രകാരം തൻവർഷം 8,12,975/- രൂപയും കുടിശ്ശികയിനത്തിൽ 9,67,872/- രൂപയും പിരിഞ്ഞ് കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4) വർഷങ്ങളിൽ തുടർച്ചയായി വാടക അടവാക്കാത്ത നിരവധി വാടകക്കാരുള്ളതായി കാണുന്നു. ഈ വസ്തുത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മുൻപാകെ പരിഗണനക്ക് സമർപ്പിക്കേണ്ടതും ഇത്തരത്തിൽ കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കുന്നതിനോ പുതിയ വാടകക്കാർക്ക് മുറി ലേലം ചെയ്ത് നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതുമാണ്.
രജിസ്റ്റർ പ്രകാരം തുടർച്ചയായി കുടിശ്ശിക വരുത്തിയ ചില വാടകക്കാരുടെ വിവരം താഴെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക (2019-20) |
|---|---|---|
| സുരേഷ്.എം.മാത്യു, മുരിങ്ങാത്തേരി | 3/396 | 2680 |
| റോയ് സഖറിയ, വലിയപറമ്പിൽ | 10/419 | 870 |
| കാർത്ത്യായിനി.കെ.എ | 10/420 | 1365 |
| വിനോദ്.എ.കെ, അത്രപ്പുള്ളി | 10/421, 423 | 3600x2 |
| ഷാഹിദ്, അത്താണിക്കൽ | 10/426 | 3690 |
| ശകുന്തള, വാരിയത്ത് വളപ്പിൽ | 10/430 | 2010 |
| പ്രസ്സ് ക്ലബ്ബ് | 11/735 | രേഖപ്പെടുത്തിയിട്ടില്ല |
| സമത്വ വികലാംഗ ക്ഷേമ അസോസിയേഷൻ | 19/133 C | 1050 |
| ഷെമീർ.കെ.കെ, കുറുപ്പം വീട്ടിൽ | 11/576 A | രേഖപ്പെടുത്തിയിട്ടില്ല |
| ജയപ്രകാശ്, അമ്പലപ്പാട്ട് | 14/436 A | 3195 |

5) വാടക രജിസ്റ്റർ പ്രകാരം ഓട്ടുപാറ മാർക്കറ്റ് സ്റ്റാളിലെ 10/379 എന്ന മുറി വാടകയ്ക്ക് എടുത്തിരിക്കുന്നത് വാടകക്കാരൻ പ്രഭാകരൻ.പി.കെ, പൂവ്വത്തുപറമ്പിൽ എന്നയാളാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം അബ്ദുൾ സലാം.കെ.കെ, കല്ലത്താണിക്കൽ എന്നയാളുടെ പേരിലുള്ള സ്ഥാപനമാണ്.
10/381 വാടകക്കാരൻ എം.ഐ.ബാബു, മണക്കാടൻ – ലൈസൻസി പി.വി.ബോബൻ, പൊറത്തൂർ വീട്
അത്താണി ഷോപ്പിംഗ് കോംപ്ലക്സ് 11/462(549) വാടകക്കാരൻ വത്സല വർഗ്ഗീസ്, പുലിക്കോട്ടൽ – ലൈസൻസി ആൻഡ്രൂസ്.ടി.ഐ, തെക്കുംപുറം വീട്.
വാടകക്കാർ അനധികൃതമായി കെട്ടിടം/മുറികൾ കൈമാറ്റം ചെയ്തിട്ടുള്ളതായാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഇത്തരം പ്രവണതകൾ കണ്ടെത്തുന്നതിനും അവരിൽ നിന്നും മുറി തിരികെ ഏറ്റെടുത്ത് പുനർലേലം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.3/18.01.2022)

## 1-15 തൊഴിൽ നികുതി - അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം 245 വകുപ്പ് പ്രകാരം നഗരസഭാ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം നഗരസഭയിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഹോട്ടൽ ന്യൂ കാസിൽ, വടക്കാഞ്ചേരി | I & II Half |
| 2 | മുത്തൂറ്റ് സെക്യൂരിറ്റീസ്, വടക്കാഞ്ചേരി | II Half |
| 3 | ഡോക്ടേഴ്സ് മെഡിക്കൽ സെന്റർ, വടക്കാഞ്ചേരി | I Half |
| 4 | ഫുഡ് സേഫ്റ്റി ഓഫീസ്, ചേലക്കര സർക്കിൾ | II Half |
| 5 | പോസ്റ്റ് ഓഫീസ്, കുമരനെല്ലൂർ | II Half |
| 6 | ഒലിവിയ സ്കൂൾ, ഒന്നാംകല്ല് | II Half |
| 7 | ജി.എൽ.പി.എസ്, ഓട്ടുപാറ | I Half |
| 8 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്, വടക്കാഞ്ചേരി | II Half |
| 9 | സപ്ലൈകോ താലൂക്ക് ഡിപ്പോ, വടക്കാഞ്ചേരി | II Half |
| 10 | ലാമിയ സിൽക്ക്സ് | I & II Half |
| 11 | ഹരിശ്രീ കോളേജ് | I & II Half |
| 12 | റെയ്ഡ്കോ കേരള ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 13 | ഇന്ത്യൻ റെയിൽവേ | II Half |
| 14 | സി.എച്ച്.സി, ഏരുമപ്പെട്ടി | II Half |
| 15 | ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക്, വടക്കാഞ്ചേരി | II Half |
| 16 | ഐ.സി.എൽ ഫിൻകോർപ്പ് | II Half |
| 17 | വടക്കാഞ്ചേരി ബ്ലോക്ക് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II Half |
| 18 | ജോൺസ് അക്കാദമി | I Half |
| 19 | ജി.വി.എച്ച്.എസ്.എസ്, വടക്കാഞ്ചേരി | I Half |
| 20 | എസ്.സി.ഡി.ഒ, കുമരനെല്ലൂർ | II Half |
| 21 | ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക്, അത്താണി | I Half |
| 22 | കാത്തലിക് സിറിയൻ ബാങ്ക് | I Half |
| 23 | പോസ്റ്റ് ഓഫീസ്, പാർളിക്കാട് | II Half |
| 24 | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് എംപ്ലോയീസ് സഹകരണ സംഘം | I & II Half |
| 25 | ECOM Express Pvt. Ltd., മുണ്ടത്തിക്കോട് | II Half |

| | | |
|---|---|---|
| 26 | ക്രിസ് റോസ് പോളിമേഴ്സ് & കോട്ടിംഗ്സ്, പെരിങ്ങണ്ടൂർ | II Half |
| 27 | നെക്സ്റ്റ് സ്റ്റീൽ കൺസെപ്റ്റ്സ്, പെരിങ്ങണ്ടൂർ | II Half |
| 28 | സുശ്രുത ഫെർട്ടിലിറ്റി സെന്റർ | I Half |

II) വടക്കാഞ്ചേരി ബ്ലോക്ക് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, ഹെഡ് ഓഫീസിന്റെയും പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, അത്താണിയുടെയും 2019-20 ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
കുമരനെല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം, കുമ്പളങ്ങാട് ക്ഷീരോത്പാദക സഹകരണസംഘം, പുതുരുത്തി ക്ഷീരോത്പാദക സഹകരണ സംഘം, പെരിങ്ങണ്ടൂർ ക്ഷീരോത്പാദക സഹകരണ സംഘം, മുണ്ടത്തിക്കോട് ക്ഷീരോത്പാദക സഹകരണ സംഘം എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

III) 2019-20 വർഷത്തിൽ നഗരസഭയുടെ വിവിധ പ്രവൃത്തികൾ കരാറെടുത്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
എൻ.എൽ.വിൻസൻ, പി.സി.ദേവസ്സി, സ്റ്റാൻലി.കെ.പി, വി.കെ.ഉണ്ണികൃഷ്ണൻ, പി.വി.സുബ്രമണ്യൻ, വിനീഷ്.ഇ.വി, പി.എം.മുഹമ്മദ്കുട്ടി, സുരേന്ദ്രൻ.വി.കെ, ഷൈജു.സി.എഫ്, അനൂപ്.പി.മാത്യൂ, റോണി അഗസ്റ്റിൻ, അശോകൻ എങ്കക്കാട്, അലക്സ്.പി.മാത്യൂ, പ്രദീപ് കുമാർ കൊല്ലാറ, സോയി അലക്സാണ്ടർ, ബി.പ്രശാന്ത്, മുസ്തഫ.എ.യു എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

IV) നഗരസഭയുടെ കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്കെടുത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന നാൽപ്പത്തഞ്ചോളം സ്ഥാപനങ്ങളുടെ വിവരം ഓഡിറ്റ് അന്വേഷണം നം. 21/27.01.2022 പ്രകാരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/29.01.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-16 വിവിധ വരവിനങ്ങൾ വാർഷിക കണക്കിൽ പൊരുത്തപ്പെടുന്നില്ല

1) തൊഴിൽ നികുതി (ട്രേഡേഴ്സ്)
2018-19 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഈയിനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുള്ളത് 1,17,834/- രൂപയായിരുന്നു. എന്നാൽ 2019-20 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം കുടിശ്ശികയിനത്തിലെ വരവ് 2,58,820/- രൂപയാണ്. ഡിമാന്റിനേക്കാൾ കൂടുതൽ തുക വരവ് കാണിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2) തൊഴിൽ നികുതി (എംപ്ലോയീസ്)
2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 68,06,117/- രൂപയും റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 67,80,917/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുമില്ല.
ജീവനക്കാരുടെ തൊഴിൽ നികുതി വരവ് വരുന്നതിനനുസരിച്ച് മാത്രം ഡിമാന്റ് രേഖപ്പെടുത്തുന്നതായതിനാൽ ഇത്തരത്തിൽ ഡിമാന്റും കളക്ഷനും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3) വാടക (Rent From Civic Amenities)
A) 2018-19 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഈയിനത്തിൽ കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക 2,99,670/- രൂപയും തൻവർഷം (2018-19) ലഭിക്കുവാനുള്ളത് 14,40,449/- രൂപയുമാണ് (ആകെ 17,40,119/-). എന്നാൽ 2019-20 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം കുടിശ്ശികയിനത്തിലെ വരവ് 7,02,122/- രൂപയാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 9,67,872/- രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ 17,40,119 –7,02,122 = 10,37,997 ആണ് ഡിമാന്റ് –കളക്ഷൻ = ബാലൻസ് എന്ന രീതിയിൽ ബാലൻസ് ഷീറ്റിൽ വരേണ്ടിയിരുന്നത്.
B) 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 45,74,607/- രൂപയും റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 37,58,152/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം തൻവർഷം ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 8,12,975/- രൂപയാണ്. യഥാർത്ഥത്തിൽ 45,74,607 – 37,58,152 = 8,16,455 ആണ് ബാലൻസ് ഷീറ്റിൽ വരേണ്ടിയിരുന്നത്.

4) വസ്തുനികുതി (കുടിശ്ശിക)
2018-19 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഈയിനത്തിൽ കുടിശ്ശികയിനത്തിൽ

ലഭിക്കുവാനുള്ള തുക 30,89,016/- രൂപയും തൻവർഷം (2018-19) ലഭിക്കുവാനുള്ളത് 38,96,800/- രൂപയുമാണ് (ആകെ 69,85,816/-). എന്നാൽ 2019-20 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം കുടിശ്ശികയിനത്തിലെ വരവ് 74,14,853/- രൂപയാണ്. 2019-20 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 2,18,24,797/- രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയേക്കാൾ കൂടുതൽ ലഭിക്കുകയും ബാലൻസ് ഷീറ്റിൽ കുടിശ്ശിക അവശേഷിക്കുകയും ചെയ്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

5) വസ്തുനികുതി (തൻവർഷം)
2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 1,44,23,731/- രൂപയും റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 84,96,876/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം തൻവർഷം ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 62,30,695/- രൂപയാണ്. യഥാർത്ഥത്തിൽ 1,44,23,731 –84,96,876 = 59,26,8555 ആണ് ബാലൻസ് ഷീറ്റിൽ വരേണ്ടിയിരുന്നത്.

വാർഷിക കണക്കിലെ മേൽ സൂചിപ്പിച്ച പൊരുത്തക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 50/31.01.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-17 പബ്ലിക് കംഫർട്ട് സ്റ്റേഷൻ -വരവിലെ അപാകതകൾ

2019-20 വർഷത്തിൽ Public Sanitation Charges എന്ന ഇനത്തിൽ 29,816/- രൂപ വരവ് കാണിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കെ.കരുണാകരൻ ഷോപ്പിംഗ് കോംപ്ലക്സിലെ കംഫർട്ട് സ്റ്റേഷന്റെ ഫയലിൽ മുൻ വർഷങ്ങളിൽ കരാറെടുത്ത ശ്രീ.ഷബീർ, കിണറാമാക്കൽ എന്നിവരിൽ നിന്നും 68,118/- രൂപ കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19, 2019-20 വർഷങ്ങളിലെ വാർഷിക കണക്കുകളിൽ ഇത്തരത്തിൽ കുടിശ്ശിക ലഭിക്കുവാനുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടാത്തിടത്തോളം ഈ തുക നഷ്ടപ്പെട്ട് പോകുന്നതിനുള്ള സാധ്യത നിലനിൽക്കുകയാണ്.

ഓഡിറ്റ് അന്വേഷണം നം. 75/01.02.2022 നുള്ള മറുപടിയിൽ ബാലൻസ് ഷീറ്റിൽ കുടിശ്ശിക രേഖപ്പെടുത്തുന്നതിന് വിട്ടുപോയതാണെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2) മേൽ കംഫർട്ട് സ്റ്റേഷൻ 2016-17 വർഷം 1,13,500/- രൂപയ്ക്കും 2017-18 വർഷം 1,19,175/- രൂപയ്ക്കും കരാർ നൽകിയിട്ടുള്ളതാണ് എന്ന് ഫയലിൽ കാണുന്നു. എന്നാൽ തുടർ വർഷങ്ങളിൽ വരുമാനത്തിൽ ഗണ്യമായ കുറവ് വരുന്ന രീതിയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നഗരസഭയുടെ തനത് വരുമാനം നഷ്ടപ്പെടാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) നിലവിൽ ഓട്ടുപാറ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ വരവ് കൂടി ഈ വർഷങ്ങളിലെ കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. കുടുംബശ്രീ മുഖാന്തിരമാണ് ഇവിടെ കളക്ഷൻ പിരിക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ഇവിടെ കളക്ഷൻ പിരിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്കായി നൽകുന്ന വേതനം എപ്രകാരമാണെന്നതിനെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4) 2019-20 വർഷത്തെ Public Sanitation Charges എന്ന ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ഓട്ടുപാറ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ വരവ് മാത്രമാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന് കാണുന്നു. 24.05.2019 തീയതിയിൽ കെ.കരുണാകരൻ ഷോപ്പിംഗ് കോംപ്ലക്സിലെ കംഫർട്ട് സ്റ്റേഷൻ ശ്രീ.മോഹനൻ.എം.എസ് എന്നയാൾ 34,500/- രൂപയ്ക്ക് ലേലം കൊണ്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വരവ് ലെഡ്ജറിൽ ഉൾപ്പെടുകയോ ഫയലിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തു കാണുന്നില്ല. Rent From Sand Auction എന്ന ഹെഡിൽ മേൽ തുക തെറ്റായാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണം നം. 23/27.01.2022 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

1) പരസ്യ നികുതി ഇനത്തിൽ 19,650/- രൂപ കുടിശ്ശികയുള്ളതായി 2019-20 വർഷത്തെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഫയൽ, രേഖകൾ എന്നിവയും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) Rent Receivable From Lease On Lands എന്ന ഇനത്തിൽ 2019-20 വാർഷികകണക്കിൽ തൻവർഷം 1,284/- രൂപ കുടിശ്ശികയുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരങ്ങളടങ്ങിയ ഫയലും ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/27.01.2022 നള്ള മറുപടിയിൽ പഞ്ചായത്തുകൾ തമ്മിൽ കൂട്ടി യോജിപ്പിച്ച് നഗരസഭ നിലവിൽ വന്നപ്പോൾ Carry Forward ചെയ്ത് വന്നതാണ് എന്നും ആയതിന്റെ ഫയലുകളും രേഖകളും ലഭ്യമായിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ലഭ്യമാക്കി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 നഗരസഭയിൽ അടവാക്കാത്ത വസ്തുനികുതി സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നു.

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ രശീതി ബുക്ക് നമ്പർ വച്ച് സഞ്ചയയിൽ പോസ്റ്റ് ചെയ്തതായി കാണുന്നു

| ക്രമ നം. | രശീതി നം. | കെട്ടിട നം. | തുക | സാമ്പത്തിക വർഷം | പോസ്റ്റിങ്ങ് തിയ്യതി |
|---|---|---|---|---|---|
| 1 | 1/111 | 22/129 | 412 | 2018-19 | 3/3/20 |
| 2 | 1/111 | 23/287 | 1275 | 2013-14 മുതൽ 2015-16 വരെ | " " |
| 3 | 1/111000 | 23/141 | 534 | 2013-14 മുതൽ 2015-16 വരെ | " " |
| 4 | 1/111 | 13/137 | 2335 | 2013-14 മുതൽ 2015-16 വരെ | 4/3/20 |
| 5 | 1/111 | 24/186 | 412 | 2019-20 | 4/3/20 |
| 6 | 1/111 | 25/8 | 1418 | 2019-20 | 4/3/20 |
| 7 | 1/111 | 8/68A | 114 | 2013-14 മുതൽ 2015-16 വരെ | 5/3/20 |
| 8 | 1/111 | 19/68 | 531 | 2013-14 മുതൽ 2015-16 വരെ | " " |
| 9 | 1/111 | 22/129 | 412 | 2017-18 | " " |
| 10 | 1/111 | 24/257 | 816 | 2013-14 മുതൽ 2019-20 വരെ | " " |
| 11 | 1/111000 | 23/357 | 846 | 2018-19 | 10.3.20 |
| 12 | 1/111 | 6/265 | 128 | 2013-14 | 11.3.20 |
| 13 | 1/111 | 6/265 | 32 | 2015-16 | 11.3.20 |
| 14 | 1/111000 | 23/357 | 404 | 2017-18,2018-19 | " " |
| 15 | 1/111000 | 27/217 | 2430 | 2013-14 മുതൽ 2016-17 വരെ | " " |
| 16 | 1/111000 | 31/148 | 2140 | 2013-14 | " " |
| 17 | 1/111000 | 32/427 | 1424 | 2013-14 മുതൽ 2015-16 വരെ | " " |
| 18 | 1/111000 | 20/520 | 4410 | 2013-14 മുതൽ 2017-18 വരെ | 12.3.20 |
| 19 | 1/111000 | 34/136 | 1028 | 2015-16 | 12.3.20 |

മുകളിൽ പ്രസ്താവിച്ച വസ്തുനികുതി തുകകളൊന്നും നഗരസഭയിൽ അടവാക്കിയിട്ടില്ല. തെറ്റായ രശീതുകളുടെ അടിസ്ഥാനത്തിലാണ് പോസ്റ്റിങ്ങ് നടന്നിട്ടുള്ളത്. നിലവിൽ വാർഡ് വൈസായി ഡിമാന്റ് രജിസ്റ്ററുകളോ അവയുടെ വർഷാവസാനമുള്ള ക്ലോസിങ്ങോ മാനവലായി നടക്കാത്തതാണ്. സ്വഭാവികമായും സഞ്ചയ ഡാറ്റാബേസിൽ നിന്നും വർഷാവസാനം ലഭ്യമാകുന്ന സ്റ്റേറ്റ്മെന്റുകളാണ് ഈ ആവശ്യത്തിലേക്കായി ആശ്രയിക്കാവുന്നത്. മാനവൽ രശീതുകൾ സഞ്ചയ ഡാറ്റാബേസിലേക്ക് പോസ്റ്റ് ചെയ്ത് ക്രമീകരിക്കുന്നത് അതുകൊണ്ടുതന്നെ പ്രാധാന്യമർഹിക്കുന്നതുമാണ്. സ്ഥാപനത്തിൽ ഉപയോഗപ്പെടുത്താത്ത മാനവൽ രശീതി നമ്പറുകൾ സൂചിപ്പിച്ച് സഞ്ചയഡാറ്റാബേസിൽ നികുതി അടവാക്കിയതായി കാണിച്ച് ഡിമാന്റിൽ കുറവ് വരുത്തുന്നത് നഗരസഭയ്ക്ക് ധനനഷ്ടത്തിന് ഇടയാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 77/1.2.22 നൽകി. മറുപടിയിൽ ഈ എൻട്രികളെല്ലാം ഡിലിറ്റ് ചെയ്ത കളഞ്ഞ് വസ്തുനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൃത്യമായ മേൽനോട്ടമില്ലാതെയാണ് ഡാറ്റാ എൻട്രി നടത്തുന്നതും, പോസ്റ്റിങ്ങ് അംഗീകരിക്കുന്നതും. ആയത് ഗുരുതരമായ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019-20,2020-21 സാമ്പത്തിക വർഷത്തെ എല്ലാ പോസ്റ്റിങ്ങുകളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് കൃത്യമാക്കേണ്ടതാണ്.

## 1-20 ഒക്യുപ്പൻസി സാക്ഷ്യപത്രമില്ലാതെ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനഃനിർണ്ണയിച്ചു

റവന്യൂ ഫയൽ നം.R1-PW1-5876/19 പ്രകാരം വടക്കാഞ്ചേരി നഗരസഭയിലെ 10-ാം വാർഡിലെ ഓട്ടുപാറ-വാഴാനി റോഡിലുള്ള സെയ്തലവി, കല്ലത്താണിക്കൽ ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യകെട്ടിടം (10/1013 മുതൽ 10/1024 വരെ) താമസ ആവശ്യത്തിനായ് തരം മാറ്റി വസ്തുനികുതി പുനഃനിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 712.28 ച.മീ

വിസ്തൃതിയിലുള്ള കെട്ടിടത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.1.20-ാം തിയ്യതിയിലെ 15-ാം നമ്പർ തീരുമാനപ്രകാരം താമസാവശ്യത്തിനുള്ള (ഉപയോഗക്രമം മാറ്റി) കെട്ടിടമാക്കി വസ്തുനികുതി നിർണ്ണയിച്ച് നൽകി. എന്നാൽ കെട്ടിടം തരം മാറ്റിയ ഒക്യുപ്പൻസി സാക്ഷ്യപത്രം ഫയലിൽ കാണുന്നില്ല. ഫയലിലുള്ള പ്ലാനിൽ കവറേജ് 70.24% ആണ്. കെ.എം.ബി.ആർ പ്രകാരം അനുവദനീയമായ കവറേജ് 65% ആണ്. ഒക്യുപ്പൻസി സാക്ഷ്യപത്രമില്ലാതെ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി താമസാവശ്യത്തിനുള്ള കെട്ടിടമാക്കി വസ്തുനികുതി പുനഃനിർണ്ണയിച്ച് നൽകിയതിന് കാരണം വ്യക്തമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/28.1.22 നൽകി. മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമം മാറ്റിയ ഒക്യുപ്പൻസി സാക്ഷ്യപത്രമില്ലാതെ താമസാവശ്യത്തിന് വസ്തുനികുതി പുനഃനിർണ്ണയിച്ച് നൽകിയത് ചട്ടവിരുദ്ധമായ നടപടിയാണ്. ആയതിനാൽ ഈ കെട്ടിടത്തിന്റെ നമ്പറുകൾ റദ്ദുചെയ്യേണ്ടതും, ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 അനധികൃത മൊബൈൽ ടവറുകൾ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു

നഗരസഭ പരിധിയിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ അനധികൃത മൊബൈൽ ടവറുകൾ ഉള്ളതായി ഫയൽ പരിശോധനയിൽ നിന്നും ബോധ്യപ്പെടുന്നു.

| ക്രമ നം. | ഡിവിഷൻ | ഓപ്പറേറ്റർ | ലോക്കേഷൻ |
|---|---|---|---|
| 1 | 2 | | Near Christian Church,puthussery |
| 2 | 5 | | Between Vyasa College And Waste Treatment Plan |
| 3 | 8 | | Charalparambu Forest |
| 4 | 10 | | Beverage Corporation Building ,Ottupara |
| 5 | 10 | | Taj Tourist Home |
| 6 | 10 | Airtel | Taj Tourist Home |
| 7 | 20 | | Ottupara LIC Building |
| 8 | 21 | BSNL | Customer Care Office Building |
| 9 | 25 | | Near Railway Station |
| 10 | 25 | JIO | Near Railway Station-furniture Godown |
| 11 | 26 | | Near Cool Drinks Company,Parlikadu |
| 12 | 32 | | Athani ARS Complex |
| 13 | 32 | | Near SBI Athani |
| 14 | 34 | | Aryampadam Center |
| 15 | 34 | | Near Aryampadam Party Office |
| 16 | 34 | | Near Ayurveda Hospital,Aryampadam |
| 17 | 37 | BSNL | Near Medical College Police Station |
| 18 | 37 | Vodafone | Near Old Medial College Station |
| 19 | 37 | Reliance Jio | Near Old Medial College Station |
| 20 | 40 | | Near Akg Nagar Mudathikode |
| 21 | 27 | BSNL | Near Minalur Red Star Club |
| 22 | 16 | | Akamala-cheppalakode |
| 23 | 16 | Airtel | Akamala |

1.ഈ മൊബൈൽ ടവറുകൾ എത്ര വർഷകാലമായി പ്രവർത്തിച്ചു വരുന്നു?

2. മൊബൈൽ ടവറുകളുടെ പ്രവർത്തനം നിറുത്തുന്നതിനോ, പൊളിച്ചു കളയുന്നതിനോ മുൻ വർഷങ്ങളിൽ നോട്ടീസ് നൽകിയിട്ടുണ്ടോ?

എന്നീ ചോദ്യങ്ങൾ ഉന്നയിച്ച് ഓഡിറ്റ് എൻക്വയറി 16/25.1.22 നൽകി. എന്നാൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതാണ് എന്ന് മാത്രമാണ് മറുപടി നൽകിയത്. ആയതിനാൽ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ റൂൾ 18(1) പ്രകാരം ടവറുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ കേരള

മുനിസിപ്പാലിറ്റി ചട്ടങ്ങൾ റൂൾ158(1), സെക്ഷൻ 515 പ്രകാരമുള്ള പിഴ മൊബൈൽ ടവർ സ്ഥാപിച്ച വർഷം മുതൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു

നഗരസഭ വസ്തുനികുതി പരിഷ്കരണം അന്തിമ വിജ്ഞാപനപ്രകാരം (R1-A3/4383/17 Dt 28/9/2018) വിസ്തീർണ്ണം 200ച.മീറ്റർ വരെയുള്ള ഉപയോഗക്രമം സൂപ്പർമാർക്കറ്റ് ആയ കെട്ടിടങ്ങൾക്ക് വസ്തുനികുതി നികുതിയുടെ അടിസ്ഥാന നിരക്ക് 60രൂപ/ച.മീറ്ററും, വിസ്തീർണ്ണം 200ച.മീറ്ററിനു മുകളിൽ ഉപയോഗക്രമം സൂപ്പർമാർക്കറ്റ് ആയ കെട്ടിടങ്ങൾക്ക് വസ്തുനികുതി നികുതിയുടെ അടിസ്ഥാന നിരക്ക് 90രൂപ/ച.മീറ്ററുമാണ്. ലൈസൻസ് അപേക്ഷകൾ പ്രകാരം താഴെപറയുന്ന കെട്ടിടങ്ങളിൽ സൂപ്പർമാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ സഞ്ചയയിൽ കെട്ടിടങ്ങളുടെ ഫോം6 പരിശോധിച്ചപ്പോൾ വസ്തുനികുതി തെറ്റായാണ് നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | വിസ്തീർണ്ണം | വസ്തുനികുതി നിരക്ക് |
|---|---|---|---|---|
| 1 | 21/773,774,775,776,777,778<br>21/788,789,790 | പട്ടാമ്പി ട്രേഡേഴ്സ് | ആകെ 316 ച.മീ | 60രൂപ/ച.മീ |
| 2 | 32/234 | മൈ ബഡ്ജറ്റ് മാർജിൻ ഫ്രീ | 97ച.മീ | 8 രൂപ/ച.മീ |
| 3 | 29/57,58,59 | പോതികൃഷ്ണ സൂപ്പർമാർക്കറ്റ് | ആകെ 92.68ച.മീ | 40രൂപ/ച.മീ |
| 4 | 21/920,921 | ജനത സൂപ്പർമാർക്കറ്റ് | ആകെ 135 ച.മീ | 40രൂപ/ച.മീ |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/25.1.22 നൽകി. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-23 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1 | 17/174A | 202.08 ച.മീ | താമസം |
| 2 | 15/183A | 224.97 ച.മീ | താമസം |
| 3 | 10/190 A To A(4) | 191.74 ച.മീ | താമസം+വാണിജ്യം |
| 4 | 10/190 B,B1,B2 To B5 | 210.83 ച.മീ | താമസം+വാണിജ്യം |
| 5 | 19/395A | 230.66 ച.മീ | വാണിജ്യം |
| 6 | 15/49A To A(2) | 309.49 ച.മീ | താമസം+വാണിജ്യം |
| 7 | 13/136A(1),A(2) | 1117.80 ച.മീ | ഗോഡൗൺ |
| 8. | 30/73A,A(1) | 467.01 ച.മീ | വാണിജ്യം |
| 9. | 40/338A | 193.14 ച.മീ | വാണിജ്യം |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 20/25.1.22 നൽകി വിവരം വില്ലേജ് ഉദ്യോഗസ്ഥനെ അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവു പ്രകാരം വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിട നമ്പർ അനുവദിക്കാൻ പാടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടനമ്പർ നൽകിയ എല്ലാ അപേക്ഷകളിലും വാല്യൂവേഷൻ സാക്ഷ്യപത്രമുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വാഹന റിപ്പയർ - ബന്ധപ്പെട്ട ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 10 പ്രകാരം വാഹനങ്ങളുടെ 10000 രൂപയ്ക്കു മേൽ വരുന്ന റിപ്പയർ വർക്കുകളുടെ എസ്റ്റിമേറ്റിന് മുനിസിപ്പൽ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ഭരണാനുമതി ലഭ്യമാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ KL-48 F 777 എന്ന വാഹനത്തിന്റെ റിപ്പയർ ചാർജ് ഇനത്തിൽ

വൗച്ചർ നമ്പർ 21900465/06.08.2019 പ്രകാരം 47075 രൂപ ശ്രീശാരദാ ഓട്ടോ ഗാരേജ്, വടക്കാഞ്ചേരി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നമ്പർ R3/PW1/9322/18 എന്ന ഫയൽ പരിശോധിച്ചതിൽ മേൽപറഞ്ഞ റിപ്പയർ സംബന്ധിച്ച് എസ്റ്റിമേറ്റ് ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയിട്ടില്ല എന്ന് കാണുന്നു. വർക്ക് ഷോപ്പിന്റെ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവൃത്തി നടത്തുകയാണ് ചെയ്തത്. അതു കൂടാതെ, ബില്ലിൽ സൂചിപ്പിച്ച റിപ്പയർ പ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്ന വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ മുനിസിപ്പൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പറഞ്ഞ അപാകതക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 30/28.1.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഫയൽ പരിശോധിച്ച് ബന്ധപ്പെട്ട കൗൺസിൽ അംഗീകാരം ലഭ്യമാക്കുകയോ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വാഹനങ്ങളുടെ റിപ്പയർ വർക്കുകൾ ചട്ടപ്രകാരമാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-25 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

വടക്കാഞ്ചേരി നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ 332500 രൂപ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. കൂടാതെ 2019-20 വർഷത്തിൽ താഴെ പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര്, തസ്തിക | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 761232/8.5.19 | 1000 | ശങ്കർമണി, JHI | ടി എ |
| 2 | 035793/18.11.19 | 50000 | വൈകുണ്ഠൻ, HI | കേരളോത്സവം |
| 3 | 035801/22.11.2019 | 30000 | വൈകുണ്ഠൻ, HI | കേരളോത്സവം |
| 4 | 035833/21.12.2019 | 5000 | നസീം കെ എ, സീ.ക്ലർക്ക് | മൈക്ക് വാങ്ങുന്നതിന് |
| 5 | 035860/27.1.2020 | 4420 | സുജാത, ഓവർസിയർ | മൈലേജ് ടെസ്റ്റ് |

ജി.ഒ.(പി)നമ്പർ 419/11/ഫിൻ തീയതി 04.10.2011 പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി 3 മാസത്തിനകം ആയത് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുക പിൻവലിച്ച തീയതി മുതൽ അഡ്ജസ്റ്റ് ചെയ്യുന്ന തീയതി വരെ മുഴുവൻ തുകയും 18% നിരക്കിൽ പിഴപലിശ അടക്കം ഈടാക്കേണ്ടതാണ്. മുകളിൽ പറഞ്ഞ പ്രകാരം അഡ്വാൻസുകൾ സമയപരിധിയ്ക്കകം അഡ്ജസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 76/1.2.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. 2018-19 വർഷം അഡ്വാൻസ് കൈപ്പറ്റി അഡ്ജസ്റ്റ് ചെയ്യാൻ ബാക്കി നിൽക്കുന്ന 332500 രൂപയും 2019-20 വർഷത്തിൽ അഡ്വാൻസ് ഇനത്തിൽ അഡ്ജസ്ററ് ചെയ്യാൻ ബാക്കി നിൽക്കുന്ന 90420രൂപയും 18% പിഴ പലിശ അടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

14.03.2018-ലെ സർക്കാർ ഉത്തരവ് നം.690/18/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതേ ഉത്തരവിൽ തന്നെ എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്ക് നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങാവുന്നതാണ് എന്നും പറയുന്നു. ഈ ഉത്തരവ് പ്രകാരം എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ്. നഗരസഭകൾക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനാണ് അനുമതിയുള്ളത്. മേൽ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി നഗരസഭയിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിലേക്കായി ക്വട്ടേഷൻ പ്രകാരം സി.ബി.ജോൺ എന്നയാളുടെ KL-48 H 7188 എന്ന വാഹനം വാടകയ്ക്ക് എടുക്കുകയും ഇതിനായി 2019-20 വർഷത്തിൽ 76668 രൂപയും 2020-21 വർഷത്തിൽ 567766 രൂപയും 2021-22 വർഷത്തിൽ 44475 രൂപയും അടക്കം ആകെ 688909 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ

PW1-14005/18 പരിശോധിച്ചതിൽ കാണപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ.(പി)നമ്പർ 45/2018/Tran. തീയതി 11.12.2018 പ്രകാരം പുതുക്കിയ ടാക്സി നിരക്ക് (1500 സി.സിയിൽ കുറഞ്ഞത്) കിലോമീറ്ററിന് 15 രൂപയാണ്. നഗരസഭ വാടകയ്ക്ക് എടുത്ത വാഹനത്തിന് ഒരു മാസം 1500 കി.മീറ്റർ വരെ 19 രൂപ/കി.മീ. പ്രകാരവും 1500 കഴിഞ്ഞ് വരുന്ന ദൂരത്തിന് 32 രൂപ/കി.മീ. നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 31/28.01.2022ന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാമെന്ന ഉത്തരവ് നഗരസഭയ്ക്ക് ബാധകമാണ് എന്നും 19 രൂപ എന്ന നിരക്ക് കൗൺസിൽ തീരുമാനപ്രകാരമാണെന്നും ടി നിരക്ക് നഗരസഭയ്ക്ക് നഷ്ടം വരുത്തുന്നതല്ല എന്നുമുള്ള മറുപടിയാണ് നൽകിയത്. ഒരു കി.മീറ്ററിന് 32 രൂപ നൽകിയതിനെ സംബന്ധിച്ച് മറുപടിയൊന്നും പറഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള കി.മീറ്ററിന് 15 രൂപയിൽ വെയിറ്റിങ്ങ് ചാർജ്ജ് ഉൾപ്പെടുന്നില്ല എന്ന് ടിയാൻ മറുപടി നൽകിയിട്ടുണ്ട്. അത് അംഗീകരിച്ചുകൊണ്ട് കി.മീറ്ററിന് 19 രൂപ നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നില്ല എങ്കിലും അതിൽ കൂടുതൽ നൽകിയ തുക കി.മീറ്ററിന് 13 രൂപ പ്രകാരം (32-19) 1500 കി.മീറ്ററിന് മുകളിൽ ഓടിയ ദൂരത്തിന് ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്ര നടത്തിയ മാസം | വൗച്ചർ നമ്പർ/തീയതി | നൽകിയ തുക | ആകെ ഓടിയ ദൂരം | 32 രൂപ നിരക്കിൽ ഓടിയ ദൂരം | അധികം നൽകി തുക @13 (32-19) |
|---|---|---|---|---|---|---|
| 1 | 01/2020 | 21901244/26.2.2020 | 34638 | 1684 | 184 | 2392 |
| 2 | 02/2020 | 21901374/31.3.2020 | 42030 | 1915 | 415 | 5395 |
| | 2019-20 വർഷത്തിൽ ആകെ | | 76668 | | | 7787 |
| 3 | 03/2020 | 22000053/28.4.2020 | 69646 | 2778 | 1278 | 16614 |
| 4 | 04/2020 | 22000275/10.06.2020 | 142030 | 5040 | 3540 | 46020 |
| 5 | 05/2020 | 22000479/30.7.2020 | 49902 | 2161 | 661 | 8593 |
| 6 | 06/2020 | 22000573/25.8.2020 | 65934 | 2662 | 1162 | 15106 |
| 7 | 07/2020 | 22000667/16.9.2020 | 56462 | 2366 | 866 | 11258 |
| 8 | 08/2020 | 22000864/16.10.2020 | 43726 | 1968 | 468 | 6084 |
| 9 | 09/2020 | 22001063/4.12.2020 | 35438 | 1709 | 209 | 2717 |
| 10 | 10/2020 | 22001146/1.1.2021 | 43982 | 1976 | 476 | 6188 |
| 11 | 11/2020 | 22001358/3.2.2021 | 39214 | 1827 | 327 | 4251 |
| 12 | 12/2020 | 22001431/20.2.2021 | 21432 | 1128 | -- | |
| | 2020-21 വർഷം ആകെ | | 567766 | | | 116831 |
| 13 | 02/2021 (കരാർ പുതുക്കിയതു പ്രകാരം 1500 കി.മീ.കഴിഞ്ഞാൽ കി.മീറ്ററിന് 25 രൂപ) | (2021-22 വർഷത്തിലാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്) | 44475 | 2129 | 629 | 3774 |
| | ആകെ (2019-20, 2020-21, 2021-22 വർഷങ്ങളിൽ) | | | | | 128392 |

2. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ വാഹനം എഞ്ചിനീയറിങ്ങ് വിഭാഗത്തിനു പുറമേ മറ്റ് വിഭാഗങ്ങളും ഉപയോഗിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| മാസം | വിഭാഗം | ദൂരം |
|---|---|---|

| | | (കി.മീ) |
|---|---|---|
| 10/2020 | എഞ്ചിനീയറിങ്ങ് | 573 |
| | വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാർ | 1332 |
| | റവന്യൂ വിഭാഗം | 20 |
| | ഓഫീസ് അറ്റൻഡർ | 51 |
| | ആകെ | 1976 |
| 11/2020 | എഞ്ചിനീയറിങ്ങ് | 1148 |
| | വൈസ് ചെയർമാൻ | 277 |
| | ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി | 62 |
| | ചെയർപേഴ്സൺ | 56 |
| | ഓഫീസ് അറ്റൻഡന്റ് | 135 |
| | JPHN | 56 |
| | JHI | 46 |
| | ക്ലർക്ക് | 47 |
| | ആകെ | 1827 |

ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാമെന്ന സർക്കാർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് നഗരസഭയായ വടക്കാഞ്ചേരി നഗരസഭ വാഹനം വാടകയ്ക്ക് എടുത്ത് 2019-20 വർഷത്തിൽ ചെലവഴിച്ച ആകെ തുകയിൽ നിരാകരിച്ച 7787 രൂപ കഴിച്ച് ബാക്കി 68881 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിരാകരിച്ച 7787 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ഹാജർ പുസ്തകം സൂക്ഷിക്കുന്നതിലെ അപാകതകൾ

2019-20വർഷത്തെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ജീവനക്കാർ വിമൽ ടി വി എന്നയാൾ പല ദിവസങ്ങളിലും ഹാജർ രേഖപ്പെടുത്തുകയോ ടി ദിവസങ്ങളിൽ അവധി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. ഒരു വർഷം അനുവദിക്കാവുന്ന ആകെ ആകസ്മികാവധികൾ 20 ആണെന്നിരിക്കെ ടി ജീവനക്കാരന് 2019-ൽ 29 ആകസ്മിക അവധി അനുവദിച്ചിട്ടുണ്ട് എന്നും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | ജോലിക്ക് ഹാജരാകാത്ത/അവധി രേഖപ്പെടുത്താത്ത ദിവസങ്ങൾ | 20 ദിവസത്തിനു പുറമേ ആകസ്മികാവധി അനുവദിച്ച ദിവസങ്ങൾ | ആകെ അനധികൃത അവധി (ദിവസം) |
|---|---|---|---|
| വിമൽ ടി വി, ഓഫീസ് അറ്റൻഡന്റ് | 20-4-19<br>14-5-19<br>18-5-19<br>31-5-19<br>10-6-19<br>24-6-19<br>25-6-19<br>2-7-19<br>8-7-19<br>10-12-19 | 20-9-19<br>1-10-19<br>3-10-19<br>4-10-19<br>5-10-19<br>14-10-19<br>17-12-19<br>26-12-19<br>30-12-19 | 19 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 49/31.1.2022-ന് മറുപടിയായി ടിയാൻ സ്ഥലം മാറിപ്പോയി എന്നും അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിലേക്ക് അർഹതപ്പെട്ട അവധി അനുവദിക്കുന്നതിനായി

നിലവിൽ ജോലി ചെയ്യുന്ന നഗരസഭയിലേക്ക് കത്തിടപാടുകൾ നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രകാരം 19 ദിവസത്തേക്ക് അർഹതപ്പെട്ട അവധി അനുവദിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഓരോ അർധവർഷത്തിന്റേയും ആരംഭത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് മുൻ അർധവർഷത്തെ ചെലവിന്റേയും വരവിന്റേയും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ചട്ടം 8 പ്രകാരം ഓരോ വാഹനത്തിന്റേയും ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് വർധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ചട്ടം 9 പ്രകാരം വാഹനത്തിൽ കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിനുശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. ഇന്ധനത്തിന്റെ ഉപഭോഗം തുടർച്ചയായി വർധിക്കുന്ന പക്ഷം ഉപയോഗത്തോത് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-48 N 8145, KL 48 3027, KL 48 1691 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മേൽപറഞ്ഞ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു. ലോഗ് ബുക്ക് മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ അതിൽ ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങളോ ഇന്ധനം നിറച്ചതിന്റെ വിവരങ്ങളോ റിപ്പയർ സംബന്ധിച്ച വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ചട്ടപ്രകാരം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കാതിരുന്നതിനും ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതിനും മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 80/2.2.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ എല്ലാ വാഹനങ്ങളുടേയും ലോഗ് ബുക്ക് ചട്ടപ്രകാരം എഴുതി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഗുണഭോക്താക്കൾ കൈപ്പറ്റാത്ത തൊഴിൽരഹിത വേതനം ട്രഷറിയിൽ തിരിച്ചടച്ചത് -ഒറിജിനൽ ട്രഷറി ചലാൻ ഹാജരാക്കിയില്ല – ഫയൽ നമ്പർ G4(A16)8692/17

ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിനുശേഷം ബാക്കി വന്ന തൊഴിൽരഹിത വേതനം ട്രഷറിയിൽ തിരിച്ചടക്കുന്നതിനായി വൌച്ചർ നമ്പർ 21900881/3.9.19 പ്രകാരം 81120 രൂപ ചെലവായിട്ടുണ്ട്. വൌച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ട്രഷറി ചലാന്റെ പകർപ്പിൽ ചലാൻ നമ്പർ, ട്രഷറിയുടെ രസീത് സീൽ എന്നിവ വ്യക്തമായി കാണാനാകാത്തതിനാൽ ഒറിജിനൽ ചലാൻ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 37/29.1.2022 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഒറിജിനൽ ചലാൻ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഒറിജിനൽ ചലാൻ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 81120 രൂപ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനം ഒറിജിനൽ ചലാൻ ഹാജരാക്കാത്ത പക്ഷം മുഴുവൻ തുകയും ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ ചെലവിന് ആധാരമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | ഫയൽ നമ്പർ | ചെലവിന്റെ വിവരം |
|---|---|---|---|---|
| 1 | 21900803/19.10.19 | 279413 | PW2-4002/18(1) | ലൈഫ് ടവർ ഇലക്ട്രിസിറ്റി കണക്ഷൻ ചാർജ് |
| 2 | 21900843/29.10.19 | 238525 | R1-7326/17 | ലൈബ്രറി സെസ് അടവാക്കിയത്- |

| | | | | |
|---|---|---|---|---|
| | | | | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 3 | 21900916/18.11.19 | 50000 | PH1/J1/12187/19 | കേരളോത്സവം അഡ്വാൻസ്- വൈകുണ്ഠൻ, HI |
| 4 | 21900885/21.11.19 | 30000 | PH1/J1/12187/19 | കേരളോത്സവം അഡ്വാൻസ്- വൈകുണ്ഠൻ, HI |
| 5 | 21900973/16.12.19 | 50000 | PH1/J1/12187/19 | കേരളോത്സവം അഡ്വാൻസ്- വൈകുണ്ഠൻ, HI |
| 6 | 21901377/22.1.20 | 69697 | PH1/J1/12187/19 | കേരളോത്സവം അഡ്വാൻസ്- വൈകുണ്ഠൻ, HI |
| | ആകെ | 717635 | | |

മുകളിൽ പറഞ്ഞ ചെലവുകളുടെ വിശദാംശങ്ങൾ/ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ37/29.01.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം -സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ നിർബന്ധിതമായി ഈടാക്കിയതിനാൽ വികസന ഫണ്ട് നഗരസഭയ്ക്ക് നഷ്ടമായി

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05-Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാനും, 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചും കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ചെലവഴിക്കുന്നതിനാകു എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 492 പ്രകാരം വടക്കാഞ്ചേരി നഗരസഭയ്ക്ക് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹12,70,200/-യും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചും കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 492 പ്രകാരം വടക്കാഞ്ചേരി നഗരസഭയിൽ ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹12,70,200/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ മുനിസിപ്പാലിറ്റിയിൽ ഈ ഉത്തരവിനെ തുടർന്ന് "അങ്കണവാടി ജീവനക്കാർക്ക് അധിക ഓണറേറിയം" എന്ന പേരിൽ 58 അങ്കണവാടികളിലെ തൊഴിലാളികൾക്കും സഹായികൾക്കും 6 മാസത്തേക്ക് അധിക ഓണറേറിയം നൽകുന്നതിനായി ഒരു പ്രൊജക്ട് തയ്യാറാക്കി (പ്രൊജക്ട് നം.37/19)-ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുകയുണ്ടായി. തയ്യാറാക്കിയ പദ്ധതിയുടെ സാമ്പത്തിക വിശകലന പ്രകാരം ആകെ 1270200 രൂപ നീക്കി വെച്ച പ്രൊജക്ടിൽ 500000 രൂപ വികസന ഫണ്ടും (പൊതുവിഭാഗം) 770200 രൂപ തനത് ഫണ്ടുമാണ് വകയിരുത്തിയിരുന്നത്. തുടർന്ന് താഴെ പറയും പ്രകാരം വികസന ഫണ്ടിൽ നിന്ന് 4,01,629/- രൂപയും തനത് ഫണ്ടിൽ നിന്ന് 1,08,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 21800988/17.09.18 | 123167 | വികസനഫണ്ട് |
| 2 | 21800989/17.09.18 | 143462 | വികസനഫണ്ട് |
| 3 | 21800990/17.09.18 | 135000 | വികസനഫണ്ട് |
| 4 | 21800656/26.10.18 | 108000 | തനത് ഫണ്ട് |
| ആകെ | | 5,09,629 | |

മേൽ വിവരിച്ച പ്രകാരം ആകെ ₹25,40,400/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടിരുന്നിടത്താണ് ഇക്കാര്യത്തിനായി ₹5,09,629/- ചെലവഴിച്ചത്. ഈ ഇനത്തിൽ ACR പ്രകാരം 2018-19 കാലയളവിൽ ആകെ ലഭ്യമായ ₹3,15,78,660/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഇനത്തിൽ ₹2,43,45,703/- മാത്രമേ നഗരസഭ ചെലവഴിക്കുകയുണ്ടായുള്ളൂ. ഇപ്രകാരം വികസനഫണ്ടിൽ തന്നെ മതിയായ തുക ശേഷിക്കെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് മതിയായ തുക ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാതിരിക്കുകയും, തനതുഫണ്ടിന് അധിക ബാധ്യത സൃഷ്ടിക്കുകയും ചെയ്തു.

2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചും കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/2019/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 ക്രമ നം. 492 എന്നിവ പ്രകാരം വടക്കാഞ്ചേരി നഗരസഭ അഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്നതിൽ കുറവുവന്ന തുകയായ ₹25,40,400/- 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം നഗരസഭയ്ക്ക് 2019-20 വർഷത്തിൽ വികസനാവശ്യത്തിന് ന്യായമായി ലഭിക്കേണ്ട തുകയിൽ നിന്നും കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ വിവരിച്ച പ്രകാരം 2018-19 വർഷത്തിൽ ഈകാര്യത്തിനായി നഗരസഭ അടവാക്കിയ ₹5,09,629/- പരിഗണിക്കാതെയാണ്, 2018-19 വർഷത്തിൽ ഈകാര്യത്തിനായി നിർദ്ദേശിച്ച മൊത്തം തുകയായ ₹25,40,400/- 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളത്. ആയതിനാൽ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും അധികമായി ഈടാക്കിയ ₹5,09,629/- തിരികെ ലഭിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി 51/31.01.2022 പ്രകാരം അവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല.

2019-20 വർഷത്തിൽ പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ട് അനുവദിച്ചുനല്കിയ സർക്കാർ ഉത്തരവ് നം.2772/2019/ധന. തി.03.04.19, സർക്കാർ ഉത്തരവ് നം.6105/2019/ധന. തി.01.08.19, സർക്കാർ ഉത്തരവ് നം.10050/2019/ധന. തി.21.12.19 എന്നിവ പ്രകാരം ₹8,46,800/- വീതം അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടേയും പ്രതിഫല ഇനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി വടക്കാഞ്ചേരി നഗരസഭ അടവാക്കേണ്ടിരുന്ന ആകെ ₹25,40,400/- യും അറ്റതുകയിൽ ഉൾപ്പെട്ടിരുന്നതാണ്. പ്രസ്തുത തുക സെക്രട്ടറി "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന കണക്ക് ശീർഷത്തകേത്തിലക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചേയ്യേണ്ടതാണെന്നും മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 2019-20 വർഷത്തിൽ അംഗൻവാടി ജീവനക്കാർക്ക് അധിക ഓണറേറിയം ഇനത്തിൽ 20/20 നമ്പർ പ്രോജക്റ്റ് പ്രകാരം ആകെ ₹8,46,800/- മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ഈ ഇനത്തിൽ ₹25,40,400/- അടവാക്കേണ്ടതിനു പകരം ₹16,93,600/- കുറവ് ചെയ്ത് ₹8,46,800/- മാത്രം അടവാക്കിയതിലുള്ള കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി 51/31.01.2022 പ്രകാരം അവശ്യപ്പെട്ടിരുന്നെങ്കിലും ആയതിനും മറുപടി ലഭിച്ചിട്ടില്ല.
സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതു മൂലം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകേണ്ടിരുന്ന ഫണ്ട് നഷ്ടപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയാണ്. ഈ കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.51/31.01.2022)

## 1-32 എസ്.എൽ.ബി. പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ എസ്.എൽ.ബി. പദ്ധതിയുടെ താഴെപറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | വൗച്ചർ നമ്പർ | തിയതി | തുക (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 21/20 കന്നുകുട്ടി പരിപാലനം ജനറൽ വനിത | 21901343 | 05.11.2019 | 4,00,000 |
| 2 | 23/20 കന്നുകുട്ടി പരിപാലനം എസ്.സി. വനിത | 21901033 | 24.12.2019 | 62,500 |

23/20 കന്നുകുട്ടി പരിപാലനം എസ്.സി. വനിത എന്ന പദ്ധതിയിലെ ഗുണഭോക്താവായ സരസ്വതി.കെ. W/o.രവീന്ദ്രൻ, സരസ്വതി നിവാസ്, മുണ്ടത്തിക്കോട് എന്നവർ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ കന്നുകുട്ടിയ്ക്ക് തീറ്റ വിതരണം ചെയ്തിട്ടില്ല. ടി തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന്, 40/29.01.2022 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വെറ്ററിനറി സർജൻ അറിയിച്ചിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-33 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. .

| ക്രമ നം. | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 21900081 | 03.05.19 | ദേശാഭിമാനി | 8820 |
| 2 | 21900124 | 14.05.19 | ദേശാഭിമാനി | 7560 |
| 3 | 21900125 | 14.05.19 | ദേശാഭിമാനി | 18020 |
| 4 | 21900138 | 27.05.19 | ദേശാഭിമാനി | 5760 |
| 5 | 21900669 | 22.08.19 | ദേശാഭിമാനി | 141960 |
| 6 | 21900669 | 22.08.19 | ജനയുഗം | 97650 |
| 7 | 21900774 | 17.10.19 | ദേശാഭിമാനി | 31752 |
| 8 | 21900774 | 17.10.19 | ജനയുഗം | 19688 |
| 9 | 21901230 | 24.02.20 | ദേശാഭിമാനി | 9660 |
| 10 | 21901231 | 24.02.20 | ദേശാഭിമാനി | 7728 |
| 11 | 21901232 | 24.02.20 | ജനയുഗം | 3780 |
| | | ആകെ | | 352378/- |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല പത്രം ആവശ്യപ്പെട്ട പ്രകാരമുള്ള തുക അനുവദിച്ച് നല്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 53/31.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിലെ ബിൽ തുകകളിൽ ഡിസ്കൗണ്ടു തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

നഗരസഭയുടെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2019-20വർഷത്തിൽ അഡ്വ.താജ്ജുദ്ദീൻ.പി.പി.എന്നവർക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 21900244 | 10.06.19 | 125000 |
| 2 | 21900567 | 26.08.19 | 40,000 |
| 3 | 21900849 | 01.11.2019 | 7500 |
| 4 | 21901191 | 18.02.2020 | 30,000 |

| | |
|---|---|
| ആകെ | 2,02,500 |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം നല്കിയ തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഉത്തരവസ്ഥാനത്ത് ആദായനികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറി നം.54/31.01.2022ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-35 കക്കൂസ് റിപ്പയർ-ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 2019-20 വർഷത്തിലെ (പ്രോജക്ട് നമ്പർ:346/20) കക്കൂസ് റിപ്പയർ (എസ്.സി) -സ്പിൽ ഓവർ പദ്ധതിയ്ക്കായി ₹16,000/- (വൗച്ചർ നം.21900342/17.04.2019) ചെലവഴിച്ചിട്ടുള്ളതും രണ്ട് ഗുണഭോക്താക്കൾക്ക് ₹8,000/- വീതം വിതരണം ചെയ്തിട്ടുള്ളതുമാണ്. ആയതിൽ രമണി.എ.എ. W/o.മോഹൻ അയ്യത്ത് വീട്, കുമരനെല്ലൂർ (ആധാർ നം.627501417278) എന്ന ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖയുടെ അഭാവത്തിൽ ₹8,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.43/29.01.2022)

## 1-36 വീട് റിപ്പയർ (എസ്.സി) -സ്പിൽ ഓവർ- ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 2019-20 വർഷത്തിലെ (പ്രോജക്ട് നമ്പർ:345/20) വീട് റിപ്പയർ (എസ്.സി) -സ്പിൽ ഓവർ പദ്ധതിയ്ക്കായി ₹15,000/- (വൗച്ചർ നം.21900341/17.04.2019) ചെലവഴിച്ചിട്ടുള്ളതും, കല്യാണി മുല്ലക്കൽ വീട്, പരുത്തിപ്ര, കുമരനെല്ലൂർ-P.O. എന്നവർക്ക് തുക വിതരണം ചെയ്തിട്ടുള്ളതുമാണ്. ഗുണഭോക്താവിന്റെ ഫയൽ പരിശോധിച്ചതിൽ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹15,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.44/29.01.22)

## 1-37 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക (₹) |
|---|---|---|---|---|
| 1 | 1/20 ഐ.കെ.എം. വിഹിതം | ഇൻഫർമേഷൻ കേരള മിഷൻ | 21900263/20.09.19 | 1,90,252 |
| 2 | 3/20 വയോമിത്രം | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 21900954/14.10.19 | 10,00,000 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.45/29.01.2022).

## 1-38 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകളോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകളോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക (₹) | ഫണ്ട് വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 349/20 എസ്.സി. കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ-സ്പിൽ ഓവർ | 21900671/17.04.19 | 100400 | വികസന ഫണ്ട്-എസ്.സി.പി. |
| 2 | 616/20 ഓട്ടുപാറ ഷോപ്പിംഗ് കോംപ്ലക്സിലെ എംപ്ലോയിമെന്റിന് അനുവദിച്ച കെട്ടിടത്തിൽ ലോക്കൽ ഏരിയ നെറ്റ് വർക്ക് ചെയ്യുന്നതിന് | 21900670/19.07.19 | 27202 | വികസന ഫണ്ട് -ജനറൽ |
| | | 21900805/23.11.19 | 13733 | തനത് ഫണ്ട് |
| 3 | 629/20 കാൻ തൃശ്ശൂർ | 21900769/14.10.19 | 1,00,000 | വികസന ഫണ്ട് -ജനറൽ |
| 4 | 619/20 സർവ്വ ശുദ്ധി ഡി.പി.ആർ. ഹരിതകർമ്മ സേനയ്ക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് , ഹരിത സഹായ സ്ഥാപന ചെലവുകൾ | 21900665/13.08.19 | 35,484 | വികസന ഫണ്ട് -ജനറൽ |
| | | 21900668/17.08.19 | 50,000 | |
| | | 21900663/05.09.19 | 50,000 | |
| | | 21900765/04.10.19 | 50,000 | |
| | | 21900780/25.10.19 | 50,000 | |
| | | 21901010/31.12.19 | 50,000 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | | 21901077/30.01.20 | 1,00,000 | |
| | | 21901372/31.03.20 | 50,000 | |
| | | 21901373/31.03.20 | 50,000 | |
| | | 21901374/31.03.20 | 3,00,019 | |
| | ആകെ | | 10,26,838 | |

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ ₹10,26,838/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം.46/29.02.2022).

## 1-39 പട്ടിക ജാതി വികസന ഓഫീസർ അനുവദിച്ച, സാമൂഹ്യ ഭൂപടവും, സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 613/20 എസ്.സി. കോളനികളിൽ സ്ട്രീറ്റ് ലൈറ്റും അനുബന്ധ സാമഗ്രികളും-സ്പിൽ ഓവർ എന്ന പദ്ധതിയ്ക്കായി വൗച്ചർ നം. 21900777/17.10.2019 പ്രകാരം ₹6709/- വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും KSEBവടക്കാഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷന് നല്കിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് (കൈ)നം. 17/2018/ത.സ്വ.ഭ. തിയതി:02.02.2018 ഖണ്ഡിക:6-1 (5) (1), 6-1(6) എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന പട്ടിക ജാതി വികസന ഓഫീസർ അനുവദിച്ച സാമൂഹ്യ ഭൂപടവും, സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ വൗച്ചർ പ്രകാരമുള്ള ₹6709/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം.47/31.01.2022).

## 1-40 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടില്ല.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 563എ(1) വകുപ്പ് പ്രകാരം ഓരോ മുൻസിപ്പാലിറ്റിയും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ തരം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 563എ(2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2000 ലെ കേരള മുൻസിപ്പാലിറ്റി

(പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, മുൻസിപ്പാലിറ്റി ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2019-20 വർഷത്തിൽ ഇപ്രകാരം പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ വിവരം (കൗൺസിൽ തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.5/19.01.22) മറുപടി ലഭിച്ചില്ല.

നിയമവ്യവസ്ഥ പ്രകാരം പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തുന്നതിനും, പുതുക്കുന്നതിനും നഗരസഭ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 മുൻസിപ്പാലിറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 63-ാം വകുപ്പ് പ്രകാരം, ഓരോ മുൻസിപ്പാലിറ്റിയും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം, അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും, പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം മുൻസിപ്പാലിറ്റിക്ക് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2019-20 വർഷത്തിൽ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി അതിന്റെ ഭരണത്തെ സംബന്ധിച്ച് മുൻസിപ്പാലിറ്റി ആക്ട് 63-ാം വകുപ്പ് പ്രകാരം ഒരു വാർഷിക ഭരണ റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം.4/19.01.22) ലഭ്യമാക്കിയ മറുപടി പ്രകാരം 2019-20 വർഷത്തെ വാർഷിക ഭരണറിപ്പോർട്ട് തയ്യാറാക്കുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നോ ലോക്കൽഫണ്ട് ഓഡിറ്റിൽ നിന്നോ അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതാണ് എന്നാണ് അറിയിച്ചത്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 63-ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തേണ്ട വാർഷിക ഭരണറിപ്പോർട്ട് പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ പ്രകാരമാണ് തയ്യാറാക്കാൻ നിയമം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. അതിന് ലോക്കൽഫണ്ട് ഓഡിറ്റിൽ നിന്നും അറിയിപ്പ് ലഭിക്കേണ്ട ആവശ്യമില്ലാത്തതാണ്. മുൻസിപ്പാലിറ്റി ആക്ട് 63-ാം വകുപ്പ് പ്രകാരം ആവശ്യമായ ഫോറങ്ങൾ സർക്കാർ നിർദ്ദേശിച്ച നൽകിയിട്ടില്ലെങ്കിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കുന്നതിനും, 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 63-ാം വകുപ്പ് പ്രകാരമുള്ള നിയമവ്യവസ്ഥ പാലിക്കുന്നതിനും തുടർനടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-42 മുൻസിപ്പാലിറ്റി ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 565-ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ ആവശ്യങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുന്നതിന് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകിയിട്ടുണ്ട്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) മുൻസിപ്പാലിറ്റിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ് (ഓഡിറ്റ് എൻക്വയറി നം.6/19.01.22).

എന്നാൽ ദുരിതാശ്വാസ നിധിയുടെ 2019-20ലെ കണക്കുകൾ 2003 ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടതായി കൗൺസിൽ മിനിട്സ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ലഭ്യമായിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ നഗരസഭയിലെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതും, അതിന്റെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-43 മാലിന്യനിർമ്മാർജ്ജനം - സ്റ്റേറ്റ് പോളിസി അനുസരിച്ച് നഗരസഭ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.8/20.01.22) നൽകുകയുണ്ടായി.

1) 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 334 സി വകുപ്പ് മുൻസിപ്പൽ പ്രദേശത്തുണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി "മാലിന്യനിർമ്മാർജ്ജന ഫണ്ട് " എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കാൻ അതത് മുൻസിപ്പാലിറ്റികൾക്ക് അധികാരം നൽകുന്നുണ്ട്. നഗരസഭ ഇപ്രകാരം ഒരു പ്രത്യേക നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

2) സംസ്ഥാന സർക്കാർ 13.09.18 ജി.ഒ(പി) നം.65/18/ത.സ്വ.ഭ.വ പ്രകാരം Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി സ്റ്റേറ്റ് പോളിസി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് Local Government Authorities തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ വടക്കാഞ്ചേരി നഗരസഭാ തലത്തിൽ നടപ്പായ കാര്യങ്ങൾ വ്യക്തമാക്കി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

3) സംസ്ഥാനസർക്കാർ പോളിസിയിൽ വ്യക്തമാക്കിയപ്രകാരം, ഓരോ നഗരസഭയും അതിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ Solid Waste, Liquid Waste എന്നിവയുടെ മാനേജ്മെന്റുമായി ബന്ധപ്പെട്ട് Bye-laws തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. വടക്കാഞ്ചേരി നഗരസഭ ഇപ്രകാരം Bye-laws തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുന്നതോടൊപ്പം പ്രസ്തുത Bye-laws ന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ടു.

പ്രസ്തുത എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് നഗരസഭ "മാലിന്യനിർമ്മാർജ്ജന ഫണ്ട്" എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിച്ചിട്ടില്ല. Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി പ്രഖ്യാപിച്ച സ്റ്റേറ്റ് പോളിസി പ്രകാരം ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. Liquid Waste സംബന്ധിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയതായി അറിയിച്ചിട്ടില്ല.

അതിനാൽ 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 334 സി വകുപ്പ് പ്രകാരം "മാലിന്യനിർമ്മാർജ്ജന ഫണ്ട് " എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിക്കാനുള്ള സാധ്യത നഗരസഭക്ക് പരിശോധിക്കാവുന്നതാണ്. Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി പ്രഖ്യാപിച്ച സ്റ്റേറ്റ് പോളിസി പ്രകാരം Local Government Authorities തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ ഒരുകാര്യം മാത്രമാണ് ബൈലോ തയ്യാറാക്കുക എന്നത്. മറ്റ് കാര്യങ്ങൾ ബൈലോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടി പരിഗണനാർഹമല്ല. അതിനാൽ Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി പ്രഖ്യാപിച്ച സ്റ്റേറ്റ് പോളിസി പ്രകാരം Local Government Authorities തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ നാളിതുവരെ നഗരസഭാതലത്തിൽ നടപ്പാകാത്ത കാര്യങ്ങൾ പൂർത്തീകരിക്കാൻ നഗരസഭ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 ദാരിദ്ര്യ ലഘൂകരണ ഫണ്ട് - വിവരം ആവശ്യപ്പെടുന്നു

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 284-ാം വകുപ്പ് പ്രകാരം ഓരോ മുൻസിപ്പാലിറ്റിയും അതിന്റെ വാർഷിക ബഡ്ജറ്റിൽ മുൻസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുൻസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്. നഗരസഭാനിയമത്തിൽ "ഫണ്ട്" എന്നത് നിർവ്വചിച്ചിട്ടില്ലാത്തതാണ്. എന്നാൽ 2007 ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 2(എസ്) അനുസരിച്ച് "ഫണ്ട്" എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. പ്രസ്തുത നിർവ്വചനം താഴെ ചേർക്കുന്നു.

“Fund Means An Activity For Which Separate Books Of Accounts And Financial Statements Are Required To Be Prepared, As Per Orders Of The Government”

നഗരസഭ 2019-20 ൽ അതിന്റെ റവന്യൂവരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി ഇപ്രകാരം വാർഷിക ബജറ്റിൽ ചേർത്ത് നൽകിയിരുന്നോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം.7/19.01.22) മറുപടി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 13,35,000 രൂപ ഈ ആവശ്യത്തിനായി വകയിരുത്തിയതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് Separate Books Of Accounts സൂക്ഷിച്ചതായോ, പ്രത്യേകം Financial Statements തയ്യാറാക്കിയതായോ നഗരസഭ അറിയിച്ചിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ നഗരസഭ ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി 2019-20ൽ അതിന്റെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം "ദാരിദ്ര്യ ലഘൂകരണ ഫണ്ട്" എന്ന പേരിൽ ഒരു "പ്രത്യേക ഫണ്ട്" രൂപീകരിക്കുന്നതിനായി ഉപയോഗപ്പെടുത്തിയോ എന്ന് ഉറപ്പാക്കുന്നതിന് സാധ്യമായില്ല. അതിനാൽ ചട്ടവ്യവസ്ഥ പ്രകാരം Separate Books Of Accounts ഉം Financial Statements ഉം തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-45 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 25 തീ. 28.01.22) നൽകിയിരുന്നു. ആയതിന് നഗരസഭ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി അപൂർണ്ണവും, അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങളെ പരിഗണിക്കുന്നതുമല്ല. സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുമില്ല.

1) നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) നഗരസഭ അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ നഗരസഭ അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

നഗരസഭ ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ നഗരസഭയുടെ വിവിധ മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് നഗരസഭ അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ നഗരസഭയിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) നഗരസഭയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 02.02.18 ലെ സ.ഉ(കൈ)നം.17/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(9) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ നഗരസഭയ്ക്ക് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(II) 28.02.20 ലെ നഗരസഭാ തീരുമാനം 14 പ്രകാരം 2018-19 വാർഷിക പദ്ധതിയിലെ മെറ്റീരിയൽ റിക്കവറി സെന്ററിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങൽ പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനിയിലേക്ക് ഷ്രെഡിംഗ് മെഷീനുവേണ്ടി തുക അനുവദിച്ചെങ്കിലും നിലവിൽ ഷ്രെഡിംഗ് മെഷീൻ ലഭ്യമല്ലാത്തതിനാൽ ബെയിലിങ്ങ് മെഷീൻ നൽകുന്നതിനുള്ള അനുമതിക്കായി ക്ലീൻ കേരള കമ്പനി നൽകിയ കത്ത് കൗൺസിൽ ചർച്ചചെയ്ത് അംഗീകരിച്ചിരുന്നു. എന്നാൽ PC1/464/18 ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം 08.09.20 ന് ക്ലീൻ കേരള കമ്പനി ബെയിലിങ്ങ് മെഷീൻ കുമ്പളങ്ങാട് RRF ൽ എത്തിച്ചിട്ടുള്ളതായി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ടയൽ തീയതി വാങ്ങാൻ 24.09.20 ന് സെക്രട്ടറി ഉത്തരവായിട്ടുള്ളതുമാണ്. തുടർവിവരം ലഭ്യമല്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നഗരസഭ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-46 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, മുൻസിപ്പാലിറ്റികളിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD

സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

നഗരസഭയിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കൽ, പണികളുടെ നടത്തിപ്പ് എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യൂഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/22.01.22)

## 1-47 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, മുൻസിപ്പാലിറ്റികളിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

നഗരസഭയിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2019-20 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, മിക്കപ്രവൃത്തികളിലും ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം വാർഡ്സഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്തില്ല.

1997-ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം വാർഡ് കമ്മറ്റിയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല.

5) മിക്ക മരാമത്ത് പ്രവൃത്തികളുടേയും ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ പകർപ്പോ, ടെണ്ടർ നടപടി സംബന്ധിച്ച കൗൺസിൽ തീരുമാനങ്ങളുടെ പകർപ്പോ സൂക്ഷിച്ചിട്ടില്ല.

6) മിക്ക മരാമത്ത് പ്രവൃത്തികളുടേയും എം.ബുക്കിൽ, അളവുകൾ രേഖപ്പെടുത്തിയ ശേഷം അളവുകൾ സമ്മതിച്ചു എന്ന് കരാറുകാർ/അല്ലെങ്കിൽ അവരുടെ ഏജന്റ് സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിക്കാനും ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ സ്വീകരിച്ച തുടർനടപടിയുടെ പുരോഗതി ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കരാറുകാർക്ക് 12% ജി.എസ്.ടി വിഹിതം അനുവദിച്ച് നൽകിയതിന് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ബിൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ തുക അനുവദിക്കുമ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. എന്നാൽ കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 64/31.01.22) മറുപടിയായി ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ കരാറുകാർക്ക് തുക അനുവദിക്കുന്നതിലെ അപാകത ജി.എസ്.ടി വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

| പ്രൊജക്ട് നം. | പ്രൊജക്ട് | കരാറുകാരൻ | മൂല്യനിർണ്ണയം (12% GST ഉൾപ്പടെ) | വൗച്ചർ/ചെക്ക് നം./തീയതി | തുക |
|---|---|---|---|---|---|
| 98/20 | സെറ്റിൽമെന്റ് കോളനി ഇടവഴി കോൺക്രീറ്റിംഗ് | ശ്രീ. വി.കെ ഉണ്ണികൃഷ്ണൻ | 199815 | 21901067/29.11.19 | 199815 |
| 156/20 | കുമരനെല്ലൂർ കൃഷ്ണനാൽ | ശ്രീ. എൻ.എൽ. വിൽസൻ | 244409 | 21901170/13.12.19 | 244409 |

| | | | | | |
|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് | | | | |
| 189/20 | പന്തലങ്ങാട് റോഡ് കോൺക്രീറ്റിംഗ് | ശ്രീ. വി.കെ ഉണ്ണികൃഷ്ണൻ | 100000 | 21900959/29.11.19 | 100000 |
| 233/20 | ദിലീപ് നഗർ റോഡ് കോൺക്രീറ്റിംഗ് | ശ്രീ.സ്റ്റാൻലി.കെ.പി | 199965 | 21901294/15.01.20 | 199965 |

## 1-49 ഓട്ടുപാറ കുളം നവീകരണം പ്രവൃത്തി വർക്സ് കോൺട്രാക്ട് ഇനത്തിൽ പെടുത്തി ജി.എസ്.ടി വിഹിതം അനുവദിച്ചത് ക്രമത്തിലല്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 307/20 |
| പ്രൊജക്ട് | ഓട്ടുപാറ കുളം നവീകരണം |
| സാങ്കേതികാനുമതി | 40402/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/75796 Dtd. 17.08.19 |
| സാങ്കേതികാനുമതി തുക | 391722.68 രൂപ |
| കരാറുകാരൻ | ശ്രീ. വി.കെ.ഉണ്ണികൃഷ്ണൻ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 15/19-20 Dtd. 31.10.19 |
| എം.ബുക്ക് | 54/19-20 |
| വൗച്ചർ നംപർ, തുക | 21901169/07.12.19 = 391722 (MG NR) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 349752 |
| (+) 12% GST | 41970 |
| ആകെ | 391722 |
| (-) ആദായനികുതി 1% | 3498 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3498 |
| (-) CGST 1% | 3498 |
| (-) SGST 1% | 3498 |
| കരാറുകാരന് നൽകിയത് | 377730 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വടക്കാഞ്ചേരി നഗരസഭ 2018-19 സാമ്പത്തികവർഷത്തിൽ ഓട്ടുപാറകുളം നവീകരണം എന്ന പ്രവൃത്തി നടപ്പിലാക്കിയതിന്റെ ഭാഗമായി കുഴിച്ചെടുത്ത മാലിന്യങ്ങൾ കുളത്തിന്റെ പരിസരത്ത് നിന്നും അടിയന്തിരമായി മാറ്റേണ്ടതുണ്ട്. എന്നാൽ മുൻസിപ്പാലിറ്റിയുടെ സ്വന്തം സ്ഥലമായ കുമ്പളങ്ങാട് മാലിന്യസംസ്കരണ പ്ലാന്റിലേക്ക് മാറ്റുന്നതിന് തടസ്സം ഉള്ളതിനാൽ 24 കി.മീ ദൂരത്തേക്ക് മാലിന്യം നീക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൻപ്രകാരം തയ്യാറാക്കിയ ഡാറ്റ അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ മേൽ പ്രകാരം അനുവദിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

ജി.എസ്.ടി നിയമത്തിലെ സെക്ഷൻ 2(119) ഒരു വർക്സ് കോൺട്രാക്ട് എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു.

“Works Contract”means A Contract For Building, Construction, Fabrication, Completion, Erection, Installation, Fitting Out, Improvement, Modification, Repair, Maintenance, Renovation, Alteration Or Commissioning Of Any Immovable Property Wherein Transfer Of Property In Goods (Whether As Goods Or In Some Other Form) Is Involved In The Execution Of Such Contract.

ജി.എസ്.ടി നിയമത്തിലെ സെക്ഷൻ 2(52) Goods എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു.

Goods Means Every Kind Of Movable Property Other Than Money And Securities But Includes Actionable Claim, Growing Crops, Grass And Things Attached To Or Forming Part Of The Land Which Are Agreed To Be Severed Before Supply Or Under A Contract Of Supply.

മേൽ നിർവ്വചനങ്ങളിൽ നിന്നും നഗരസഭ ഏറ്റെടുത്ത ഈ പദ്ധതി പ്രവർത്തനം വർക്സ് കോൺട്രാക്ട് എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്ന് കാണാവുന്നതാണ്. അതു കൊണ്ടുതന്നെ ഇത് സർവീസ് എന്ന ഗണത്തിലെ ഉൾപ്പെടുത്താൻ കഴിയൂ. കേന്ദ്ര ഗവർമെന്റിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/17 പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243 W പ്രകാരം ഒരു നഗരസഭക്ക് കൈമാറിയ ഏതെങ്കിലും Function (പ്രവർത്തനം) നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സർവ്വീസുകൾ (സേവനങ്ങൾ) ക്ക് ജി.എസ്.ടി നിയമപ്രകാരം നികുതി ചുമത്തുന്നില്ല. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് ഒന്നാം പട്ടിക പ്രകാരം കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക, ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക എന്നിവ നഗരസഭയുടെ അനിവാര്യ ചുമതലയിൽ പെട്ടതാണ്. അതുകൊണ്ടുതന്നെ അത്തരം Function (പ്രവർത്തനം) നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സർവ്വീസുകൾ (സേവനങ്ങൾ) ക്ക് ജി.എസ്.ടി നിയമപ്രകാരവും, 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/17 പ്രകാരവും നികുതി ബാധകമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.65/31.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, Improvements To Existing Ponds എന്ന ഗണത്തിൽ പെടുത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും ആയതിനാൽ തുക അനുവദിച്ചത് തെറ്റായ നടപടി അല്ലെന്നുമാണ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ടും തുടർന്ന് നിർവ്വഹിക്കപ്പെട്ട പ്രവർത്തനങ്ങളും എഞ്ചിനീയർ നൽകിയ മറുപടിയെ സാധൂകരിക്കുന്നില്ല. പ്രവൃത്തിയുടെ ഘടന സംബന്ധിച്ച Nomenclature അല്ല മറിച്ച് ഏറ്റെടുക്കുകയും നിർവ്വഹിക്കുകയും ചെയ്ത പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് പരാമർശം എന്നതിനാൽ മറുപടി പരിഗണനാർഹമല്ല.

മേൽ വിവരിച്ച കാരണങ്ങളാൽ ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അനുവദിച്ച 41970 രൂപ ക്രമത്തിലല്ല. ഈ ചെലവ് (41970 രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ച നൽകി

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ.ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.04.18 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്. ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ ഒരു പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 371/20 |
| പ്രൊജക്റ്റ് | കനാൽ ലിങ്ക് റോഡ് |
| സാങ്കേതികാനുമതി | 44859/18-19 |
| എസ്റ്റിമേറ്റ് നംപർ | 2018/76233 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. പി.വി.സുബ്രഹ്മണ്യൻ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 32/2018-19 Dtd.05/12/18 |
| എം.ബുക്ക് | 12/19-20 |
| വൗച്ചർ നംപർ, തുക | 21900659/05.09.19 = 3,85,303( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കും പ്രകാരമാണ്

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 374080.85 |
| (+) GST Compensation | 11222.43 |
| ആകെ | 385303.28 ~ 385303 |
| (-) ആദായനികുതി 1% | 3853 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3853 |
| (-) CGST 1% | 3853 |
| (-) SGST 1% | 3853 |
| കരാറുകാരന് നൽകിയത് | 369891 |

മേൽ വിവരിച്ച പ്രവൃത്തി ഉൾപ്പെടെ 2019-20 സാമ്പത്തികവർഷത്തിൽ ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ വിവിധ പ്രവൃത്തികൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം., പ്രോജക്റ്റ് | സാങ്കേതികാനുമതി നം. | പ്രവൃത്തിയുടെ മൂല്യം | GST Compensation | വൗച്ചർ നം., തീയതി | തുക (രൂപയിൽ) |
|---|---|---|---|---|---|---|
| 1 | 371/20 കനാൽ ലിങ്ക് റോഡ് | 44859/18-19 | 374080.85 | 11222 | 21900659/ 05.09.19 | 385303(MG R) |
| 2 | 319/20 മെഴുകുതിരിറോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 95215/18-19 | 256135.70 | 7684 | 21900503/ 01.06.19<br>21901070/ 13.12.19 | 122840(CFC)<br>140980(CFC) |
| 3 | 400/20 പോസ്റ്റ്മാൻപടി റോഡ് മെറ്റലിങ്ങ് | 66670/18-19 | 285297.24 | 8559 | 21900381/ 12.07.19<br>21901292/ 15.01.20 | 117847(MG R)<br>176009(MG R) |
| 4 | 567/20 കണ്ണനായ്ക്കൽറോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 90456/18-19 | 288604 | 8658 | 21900660/ 05.09.19 | 297262(DF G) |
| 5 | 402/20 പരുത്തിപ്ര അക്കരപ്പറ്റി റോഡ് ടാറിങ്ങ് | 61200/18-19 | 193006.95 | 5790 | 21900806/ 05.09.19<br>ചെക്ക് നംപർ - 255714/13.03.20 | 50000(DF G)<br>148797(OF) |

| | | | | | | |
|---|---|---|---|---|---|---|
| 6 | 461/20 പത്താംകല്ല് കനാൽറോഡ് ഇരുവശം ടാറിങ്ങ് | 70850/18-19 | 922689.52 | 11837 | 21900779/ 16.10.19 ചെക്ക് നംപർ- 0661546/18.11.19 0661545/18.11.19 | 166030(DFG) 468497(OF) 300000(OF) |
| 7 | 446/20 അംഗൻവാടി റോഡ് ടാറിങ്ങ് | 70432/18-19 | 115402 | 3462 | 21901066/ 19.11.19 | 118864(MGR) |
| 8 | 458/20 ഫോറസ്റ്റ് ഓഫീസ് ലൈൻ രാജി ടീച്ചർ റോഡ് | 68803/18-19 | 113570 | 3407 | 21901069/ 07.12.19 | 116977 (MGR) |
| 9 | 503/20 ഫോറസ്റ്റ് ഓഫീസ് റോഡ് റീ ടാറിങ്ങ് | 95169/18-19 | 75659 | 2270 | 21900960/ 07.12.19 | 77929 (MGR) |
| 10 | 504/20 ഭരതൻ റോഡ് റീ ടാറിങ്ങ് | 95225/18-19 | 84177 | 2525 | 21900961/ 07.12.19 | 86702 (MGR) |
| 11 | 423/20 പണിക്കർ റോഡ് രാജൻപടി ടാറിങ്ങ് | 94890/18-19 | 282233.93 | 8467 | 21901290/ 09.01.20 | 290000 (MGR) |
| 12 | 373/20 കുരിശുപള്ളി റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 66679/18-19 | 540371 | 16211 | 21900661/ 05.09.19 | 556582 (MGR) |
| | അകെ | | | 90092 | | |

ഇപ്രകാരം അനർഹമായി GST Compensation ഇനത്തിൽ അനുവദിച്ച് നൽകിയ 90092 രൂപയുടെ ചെലവ് ക്രമത്തിലല്ല എന്ന് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.26/28.01.22) എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം തുക അനുവദിക്കാം എന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കിയ 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരം ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതെങ്കിൽ മാത്രമാണ് ആ ഉത്തരവിൽ വ്യക്തമാക്കിയ GST Compensation ന് അർഹത. 2018-19 സാമ്പത്തിക വർഷത്തിൽ സാങ്കേതികാനുമതി നൽകിയ മേൽ വിവരിച്ച പ്രവൃത്തികളിൽ ഉൾപ്പെട്ട ബിറ്റുമിൻ നിരക്ക് PRICE സോഫ്റ്റ് വെയർ പ്രകാരം ചീഫ് എഞ്ചിനീയറുടെ 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരമോ, 03.10.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരമോ പ്രസിദ്ധപ്പെടുത്തിയ നിരക്കാണ്. പ്രസ്തുത നിരക്കുകൾ ചീഫ് എഞ്ചിനീയർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് GST സഹിതമാണ്. അതിനാൽ തന്നെ GST Compensation ന് അർഹത നഷ്ടപ്പെടുന്നു.

മേൽ വിവരിച്ച കാരണങ്ങളാൽ മറുപടി പരിഗണനാർഹമല്ല. അതിനാൽ 90092 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 വിവിധ മെറ്റീരിയൽ റിക്കവറി സെന്ററുകളുടെ നിർമ്മാണം- തുടർ വിവരം ലഭ്യമാക്കണം

I)

| | |
|---|---|
| പ്രൊജക്ട് നം. | 348/20, 245/21 |
| പ്രൊജക്ട് | 2016-17 സർവ്വശുദ്ധി മെറ്റീരിയൽ റിക്കവറി സെന്റർ |

| | |
|---|---|
| സാങ്കേതികാനുമതി | 87219/2016-17 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2016-17/17321 Dtd. 17.03.17 |
| സാങ്കേതികാനുമതി തുക | 35,70,000 രൂപ |
| കരാറുകാരൻ | ശ്രീ. വി.അശോകൻ |
| കരാർ നിരക്ക് | 30,04,708.02 രൂപ |
| കരാർ ഉടമ്പടി | 31/30.03.2017 |
| എം.ബുക്ക് | 185/18, 199/18 |
| വൗച്ചർ നംപർ, തുക | 21900371/01.06.19 = 11,25,515 (CFC G) |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഫയൽ രേഖകൾ പരിശോധിച്ചു. ഇതനുസരിച്ച് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ സൈറ്റ് പ്ലാനനുസരിച്ചും, എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരവും ആര്യംപാടം, കുമ്പളങ്ങാട്, എങ്കക്കാട് എന്നീ മൂന്നിടങ്ങളിലാണ് മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കേണ്ടത്. ലഭ്യമായ ഫയൽ രേഖകൾ പ്രകാരം ഈ പ്രദേശങ്ങളിൽ മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്തിന്റെ ആസ്തി നമ്പർ ചുവടെ ചേർക്കുന്നു.

കുമ്പളങ്ങാട് - 173300108200000001

എങ്കക്കാട് - 173300102200000001

ആര്യംപാടം- 172800104100000002

എന്നാൽ മേൽ വൗച്ചർ പ്രകാരം പാർട്ട് ബിൽ നൽകിയ പ്രവൃത്തി ഏതിടത്താണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

2) 2016-17 ൽ കരാർ വെച്ച ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2020-21 ലും തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

3) ലഭ്യമായ ഫയൽ രേഖകൾ പ്രകാരം, അസിസ്റ്റന്റ് എഞ്ചിനീയർക്ക് നഗരസഭാ സെക്രട്ടറി 23.03.19 ന് നൽകിയ G1/10499/17 കുറിപ്പ് പ്രകാരം കരാറുകാരന് ഒരു നോട്ടീസ്സ് നൽകിയതൊഴിച്ചാൽ പ്രവൃത്തി പൂർത്തീകരിക്കാൻ നഗരസഭ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എഴുതി നൽകേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.68/01.02.22) എഞ്ചിനീയർ മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ മറുപടി നൽകിയപ്പോഴും പ്രവൃത്തി ഏത് ആസ്തിയിലാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് വ്യക്തമാക്കി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്. പൊതുജനങ്ങളുടെ എതിർപ്പ് മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് എതിർപ്പില്ലാത്ത സ്ഥലം കിട്ടാത്തതുകൊണ്ടാണ് പ്രവൃത്തി വൈകുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്.

ഈ സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം നേടിയിട്ടില്ലാത്തതാണ്. വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്ടുകൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ നഗരസഭയുടെ ഭാഗത്തുനിന്നും അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരമുള്ള തുടർ നടപടി അനിവാര്യമാണ്.

II)

| | |
|---|---|
| പ്രൊജക്ട് നം. | 532/20 |
| പ്രൊജക്ട് | മെറ്റീരിയൽ റിക്കവറി സെന്റർ- മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വടക്കാഞ്ചേരി |
| സാങ്കേതികാനുമതി | 107454/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/146438 Dtd. 30.12.18 |

| | |
|---|---|
| സാങ്കേതികാനുമതി തുക | 12,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ഇ.വി.വിനീഷ് |
| കരാർ നിരക്ക് | 11,71,760 രൂപ |
| കരാർ ഉടമ്പടി | 250/18-19/AE/LSGD/WKY/Dtd. 01.03.2019 |
| എം.ബുക്ക് | 50/19-20, 59/19-20 |
| വൗച്ചർ നം., തുക<br>ചെക്ക് നം., തുക | 21901333/24.01.20 = 2,00,000 ( DF G)<br>001977/19.02.20 = 6,50,923 ( ശുചിത്വമിഷൻ)<br>1762635/31.03.20 = 2,65,583 (OF) |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഫയൽ രേഖകൾ പരിശോധിച്ചു. ഇതനുസരിച്ച് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഫയൽ നം.PW2 762/19 ലെ രേഖപ്പെടുത്തൽ പ്രകാരം നഗരസഭയുടെ കുമ്പളങ്ങാട് പ്രദേശത്താണ് ഈ പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ തരത്തിലുള്ള അജൈവ മാലിന്യങ്ങൾ തരം തിരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനുള്ള ഷീറ്റ് മേൽക്കൂരയോട് കൂടിയ 136 ച.മീ വിസ്തീർണ്ണത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്. കുമ്പളങ്ങാട് പ്രദേശത്ത് അടക്കം മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി 87219/2016-17 നമ്പരായി സാങ്കേതികാനുമതി ലഭിച്ച് പ്രവൃത്തി ശ്രീ. വി.അശോകൻ കരാർ ഏറ്റെടുത്തിരുന്നതും ആണ്. ഈ കരാർ നില നിൽക്കെ കുമ്പളങ്ങാട് പ്രദേശത്ത് മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി മറ്റൊരു പ്രോജക്ട് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമവിരുദ്ധമാണ്.

2) ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലാണ് കരാറുകാരന് (വ്യത്യസ്ത അക്കൗണ്ടുകളിൽ നിന്നായി) മേൽ വിവരിച്ച പ്രകാരം അനുവദിച്ചിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം ഇനം 44 -പി.വി.സി വാട്ടർടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തി കരാറുകാരൻ ചെയ്തിട്ടില്ല. എന്നാൽ വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.

3) മെറ്റീരിയൽ റിക്കവറി സെന്ററിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ അഭാവത്തിൽ ഈ സെന്ററിന്റെ തുടർപ്രവർത്തനം എപ്രകാരമാണ് സാധ്യമാകുക എന്നും വ്യക്തമല്ല.

4) മെറ്റീരിയൽ റിക്കവറി സെന്ററിലേക്കാവശ്യമായ ജലസ്രോതസ്സ് അടയാളപ്പെടുത്തിയിട്ടില്ല.

5) ഫയൽ നം.PC1-464/18 ലെ രേഖപ്പെടുത്തൽ പ്രകാരം ക്ലീൻ കേരള കമ്പനിയിൽ നിന്നും 08.09.20 ന് ബെയിലിങ്ങ് മെഷീൻ എത്തിച്ചിട്ടുള്ളതായും ആയത് കുമ്പളങ്ങാട് RRF ൽ വെച്ചിട്ടുള്ളതായി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ ട്രയൽ റൺ നടത്തുന്നതിന് തീയതി വാങ്ങാൻ 24.09.20 ന് സെക്രട്ടറി ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ തുടർ വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, പ്രവൃത്തി ലക്ഷ്യം നേടിയെന്ന് ഉറപ്പാകാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എഴുതി നൽകേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.68/01.02.22) എഞ്ചിനീയർ മറുപടി ലഭ്യമാക്കുകയുണ്ടായി. എഞ്ചിനീയറുടെ മറുപടി പ്രകാരം മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി 87219/2016-17 നമ്പരായി സാങ്കേതികാനുമതി ലഭിച്ച് ശ്രീ. വി.അശോകൻ കരാർ വെച്ച് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തിയുമായി ഈ പ്രവൃത്തിക്ക് ബന്ധമൊന്നും ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട അടിസ്ഥാനപരമായ ചോദ്യം അജൈവ മാലിന്യങ്ങളുടെ കളക്ഷനും, പുന:ചംക്രമണത്തിനുമായാണ് സാധാരണഗതിയിൽ മെറ്റീരിയൽ റിക്കവറി സെന്ററായാലും, റിസോഴ്സ് റിക്കവറി സെന്ററായാലും ഉപയോഗപ്പെടുത്തുന്നത് എന്നിരിക്കെ ഇപ്രകാരം രണ്ട് കളക്ഷൻ സെന്ററുകൾ രണ്ട് വ്യത്യസ്ത പ്രോജക്ടുകളിലായി കുമ്പളങ്ങാട് പ്രദേശത്ത് സ്ഥാപിക്കേണ്ട ആവശ്യകത വ്യക്തമാക്കിയിട്ടില്ല എന്നതാണ്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മെറ്റീരിയൽ റിക്കവറി സെന്ററിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി മറ്റൊരു ഫയലിൽ നഗരസഭ ചെയ്തിട്ടുണ്ടെന്നും (ഏത് ഫയൽ പ്രകാരം എന്ന് വ്യക്തമാക്കിയിട്ടില്ല), മെറ്റീരിയൽ റിക്കവറി സെന്ററിലേക്കാവശ്യമായ ജലസ്രോതസ്സ് ഇതിനോട് ചേർന്നല്ല ഉള്ളതെന്നതിനാലാണ് അടയാളപ്പെടുത്താതിരുന്നതെന്നുമാണ് (എന്നാൽ എവിടെയാണ് ജലസ്രോതസ്സ് ഉള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല) എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്. എന്നാൽ ക്ലീൻ കേരള കമ്പനിയിൽ നിന്നും 08.09.20 ന് ലഭിച്ച ബെയിലിങ്ങ്

മെഷീൻ ട്രയൽ റൺ നടത്താത്തത് സംബന്ധിച്ച് മറുപടിയൊന്നും നൽകിയിട്ടില്ല. മേൽ വിവരിച്ച കാരണങ്ങളാൽ എഞ്ചിനീയറുടെ മറുപടി പരിഗണനാർഹമല്ല.

അതിനാൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം നേടിയിട്ടില്ലാത്തതാണ്. വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്ടുകൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ നഗരസഭയുടെ ഭാഗത്തുനിന്നും അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരമുള്ള തുടർ നടപടി അനിവാര്യമാണ്.

## 1-52 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 344/20 |
| പ്രൊജക്ട് | അംബേദ്കർ റോഡ് |
| സാങ്കേതികാനുമതി | 104286/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/88939 Dtd. 17.02.18 |
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ഉണ്ണികൃഷ്ണൻ.വി.കെ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 12/18-19/AE/LSGD/PW1 Dtd. 03.11.18 |
| എം.ബുക്ക് | 176/2018-19 |
| വൗച്ചർ നംപർ, തുക | 21900347/17.04.19 = 4,81,284 ( MG R) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 481284 |
| (-)ആദായനികുതി 1% | 4813 | |
| (-)ക്ഷേമനിധി വിഹിതം 1% | 4813 | |
| (-)ജി.എസ്.ടി 2% | 9626 | |
| ആകെ കിഴിവ് | | 19252 |
| കരാറുകാരന് നൽകിയത് | | 462032 |

എം ബുക്ക് പേജ് 16ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി S65 ബിറ്റുമിൻ 2556.78 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 291.35 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 576.61കി.ഗ്രാം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ പരിഗണിച്ച മൂല്യത്തിൽ ബിറ്റുമിന്റെ ബാരൽ വില അടക്കം ഉൾപ്പെട്ടിട്ടുണ്ട്. കാലിബാരൽ തിരികെ ഏൽപ്പിക്കാത്തതിനാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് ( S65 ബിറ്റുമിൻ 2556.78/156 = 16 ബാരൽ, RS1 ബിറ്റുമിൻ + SS1 ബിറ്റുമിൻ 867.96/182 = 5 ബാരൽ ആകെ 21 ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 481284 |
| (-)ആദായനികുതി 1% | 4813 | |
| (-)ക്ഷേമനിധി വിഹിതം 1% | 4813 | |
| (-)ജി.എസ്.ടി 2% | 9626 | |
| (-)കാലി ബാരൽ വില 21 എണ്ണം @ 238/one | 4998 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 900 | |
| ആകെ കിഴിവ് | | 25150 |
| കരാറുകാരന് അർഹമായത് | | 456134 |

| | | |
|---|---|---|
| കരാറുകാരന് നൽകിയത് | | 462032 |
| അധികം നൽകിയത് | | 5898 |

Packed Bitumenന്റെ കാലി ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം (മേൽ വിവരിച്ച പ്രവൃത്തി ഉൾപ്പെടെ) ഓരോ പ്രവൃത്തിയിലും കരാറുകാർക്ക് അധിക തുക നൽകാനിടയായി. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | സാങ്കേതികാനുമതി നം. | വൗച്ചർ നം. | തുക | എം ബുക്ക് | ബിറ്റുമിൻ ആവശ്യകത | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @238/E&18%GST അടക്കം |
|---|---|---|---|---|---|---|---|---|
| 1 | 344/20 | 104286/ 17-18 | 21900347/ 17.04.19 | 481284 | 176/18-19 | VG30 = 2556.78 Kg<br>RS 1 = 291.35 Kg<br>SS1 = 576.61 Kg | 16+5 = 21 | 5898 |
| 2 | 340/20 | 73196/ 18-19 | 21900368/ 17.04.19 | 289775 | 133/18-19 | VG30 = 1205.67 Kg<br>RS1 = 157.13 Kg<br>SS1 = 485.70 Kg | 8+3 = 11 | 3089 |
| 3 | 341/20 | 70383/18-19 | 21900346/17.04.19 | 331842 | 134/18-19 | VG30 = 2738.26 Kg<br>RS1 = 224.76 Kg | 17+1 = 18 | 5055 |
| 4 | 400/20 | 66670/18-19 | 21900381/ 12.07.19<br>21901292/ 15.01.20 | 117847<br>176009 | 132/18-19 | VG30 = 1082.41 Kg<br>RS1 = 141.07 Kg<br>SS1 = 436.04 Kg | 7+3 = 10 | 2808 |
| 5 | 625/20 | 107486/ 17-18 | 21900361/ 12.07.19<br>21900510/ 12.07.19 | 200000<br>361563 | 117/ 18-19 | VG30 = 2573.09kg<br>RS1= 273.43 Kg<br>SS1=359.81 Kg | 16+3 =19 | 5336 |
| 6 | 440/20 | 70420/ 18-19 | 21900383/ 12.07.19 | 299645 | 201/18-19 | VG30 = 1139.97 Kg<br>RS1 = 148.57kg<br>SS1= 459.23 Kg | 7+3 =10 | 2808 |
| 7 | 365/20 | 28356/ 18-19 | 21900502/ 12.07.19 | 314737 | 189/ 18-19 | VG30 = 1183.71 Kg<br>RS1 = 154.28 Kg<br>SS1 = | 7+3 =10 | 2808 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 476.85 Kg | | |
| 8 | 510/20 | 107746/ 18-19 | 21900360/ 12.07.19 | 320672 | 108/18-19 | VG30 = 2374.61 Kg<br>RS1 = 240.23 Kg | 15+1=16 | 4493 |
| 9 | 454/20 | 65532/ 18-19 | 21900374/ 12.07.19<br>Cheque No: 6077131/ 16.10.19 | 150000<br>431707 | 2/19-20 | VG30 = 1234.77 Kg<br>RS1 = 160.93 Kg<br>SS1= 497.42 KG | 8+3 =11 | 3089 |
| 10 | 388/20 | 63039/ 17-18 | 21900376/ 29.07.19<br>Cheque No: 2353237/ 05.03.20 | 100000<br>145735 | 212/18-19 | VG30 = 1992.93 Kg<br>RS1 = 199.23kg | 13+1 =14 | 3932 |
| 11 | 367/20 | 28934/18-19 | 21900375/ 29.07.19 | 387106 | 24/19-20 | VG30 = 3147.28kg<br>RS1 = 289.17 Kg | 20+2 =22 | 6178 |
| 12 | 373/20 | 66679/18-19 | 21900661/ 05.09.19 | 556582 | 30/19-20 | VG30 = 1972.58 Kg<br>RS1 = 257.09 Kg<br>SS1 = 794.64 Kg | 12+6 =18 | 5055 |
| 13 | 371/20 | 44859/18-19 | 21900659 /05.09.19 | 385303 | 12/19-20 | VG30 = 1266.13 Kg<br>RS1 = 165.02 Kg<br>SS1 = 510.05kg | 8+4 =12 | 3370 |
| 14 | 461/20 | 70850/ 18-19 | 21900779/ 16.10.19<br>Cheque No: 0661545/ 18.11.19<br>0661546/ 18.11.19 | 166030<br>300000<br>468497 | 34/19-20 | VG30 = 1976.86kg<br>RS1 = 257.65 Kg<br>SS1 = 796.37kg | 12+6 =18 | 5055 |
| 15 | 486/20 | 90518/18-19 | 21900373/ 29.07.19<br>21900790/ 07.11.19 | 300000<br>86491 | 237/18-19 | VG30 = 3120.85kg<br>RS1 = 280.62 Kg | 20+1 = 21 | 5898 |
| 16 | 423/20 | 94890/18-19 | 21901290/ 09.01.20 | 290000 | 61/19-20 | VG30 = 1117.79kg | 7+3 =10 | 2808 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | RS1 = 145.68kg | | |
| | | | | | | SS1 = 450.30 Kg | | |
| | ആകെ | | | | | | | 67680 |

ഈ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.81/02.02.2022) നൽകുകയുണ്ടായി. ഇതിന് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം പാക്ക്ഡ് ബിറ്റുമിൻ സൈറ്റിൽ സപ്ളെ ചെയ്യുന്നതിനുള്ള തുകയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, പാക്ക്ഡ് ബിറ്റുമിന് നിലവിലെ മാർക്കറ്റ് നിരക്കല്ല നൽകിയിട്ടുള്ളതെന്നും പ്രൈസ് സോഫ്റ്റ് വെയറിലെ സർക്കാർ നിരക്കാണെന്നും ബിറ്റുമിൻ സപ്ളെ ചെയ്ത് പ്രവൃത്തിചെയ്തിട്ടുള്ള സാഹചര്യത്തിൽ ഒഴിഞ്ഞ ബാരൽ നിരക്ക് കുറവ് ചെയ്യേണ്ടതില്ലെന്നും ആയത് തെറ്റായ പ്രവണതയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ MORD ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള മേൽ വിവരിച്ച പ്രവൃത്തികളിൽ ബിറ്റുമിൻ നിരക്ക് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം മാർക്കറ്റ് നിരക്കാണ് ( MORD ലെ MR ഗണത്തിൽ പെട്ട നിരക്ക്) ഉൾക്കൊള്ളിക്കുന്നത്. അതുകൊണ്ടാണ് ഇത് സംബന്ധിച്ച ഡാറ്റയിൽ ബിറ്റുമിൻ നിരക്കിനു മുകളിൽ കോസ്റ്റ് ഇൻഡക്സ് പ്രത്യേകമായി അനുവദിക്കാത്തത്. ഇതിനു പുറമേ, പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ബിറ്റുമിൻ വില പാക്ക്ഡ് ബിറ്റുമിൻ നിരക്കിലാണ് ഉൾപ്പെടുത്തുന്നതെങ്കിൽ കരാറുകാരന് പാസ്സാക്കി നൽകുന്ന പ്രവൃത്തിയുടെ മൂല്യത്തിലും പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുന്നുണ്ട്. സ്വാഭാവികമായും പൂർത്തീകരിച്ചു കഴിഞ്ഞ പ്രവൃത്തിയുടെ ഉപയോഗപ്പെടുത്തിയ ബാരൽ വില ഉൾപ്പെടെ കരാറുകാരന് അനുവദിക്കുന്ന മൂല്യത്തിൽ ഉൾപ്പെട്ടതിനാൽ കരാറുകാരന് ഒഴിഞ്ഞ ബാരലുകൾക്കുള്ള അർഹത നഷ്ടപ്പെടുകയും അത് പ്രവൃത്തിയുടെ മൂല്യം അനുവദിച്ച സ്ഥാപനത്തിന്റേതായി തീരുകയും ചെയ്യുന്നു. ഇപ്രകാരം ബാരൽ സ്ഥാപനത്തിന് തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ അതിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായുണ്ട്. ഈ കാരണത്താൽ എഞ്ചിനീയറുടെ മറുപടി പരിഗണനാർഹമല്ല.

അതിനാൽ കരാറുകാർക്ക് തെറ്റായി അധികം അനുവദിച്ചു നൽകിയ 67680 രൂപ തുക കൈപ്പറ്റിയ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക തിരികെ ഈടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-53 നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ഓഡിറ്റ് കാലയളവിലെ തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 223-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരു മുൻസിപ്പാലിറ്റിയുടെ സർവ്വീസിൽ യാതോരു തസ്തികയും സൃഷ്ടിക്കാൻ പാടില്ലാത്തതാകുന്നു. ഇതേ നിയമത്തിലെ 224(1) വകുപ്പ് പ്രകാരം മുൻസിപ്പൽ സർവ്വീസിലെ കണ്ടിജന്റ് തസ്തികകളെ സംബന്ധിച്ച നിയമനാധികാരി കൗൺസിൽ ആയിരിക്കുന്നതും, 224(2) വകുപ്പ് പ്രകാരം മുൻസിപ്പൽ പൊതു സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ അല്ലാത്തതോ ആയ മറ്റ് തസ്തികകളെ സംബന്ധിച്ച നിയമനാധികാരി സർക്കാരോ അവർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ താഴെ ചേർത്തിട്ടുള്ള കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

1) വടക്കാഞ്ചേരി നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി വിവിധ വിഭാഗങ്ങളിൽ സർക്കാർ എത്ര തസ്തികകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഈ അനുമതി ഏത് തീയതി മുതൽക്കാണ് ലഭ്യമായിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ ഓരോ വിഭാഗത്തിലേയും തസ്തികകളും അവയുടെ എണ്ണവും ഇനം തിരിച്ച് ലഭ്യമാക്കേണ്ടതാണ് (സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാണെങ്കിൽ നൽകുക).

2) വടക്കാഞ്ചേരി നഗരസഭയുടെ കണ്ടിജന്റ് വിഭാഗത്തിൽ സർക്കാർ എത്ര തസ്തികകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഈ അനുമതി ഏത് തീയതി മുതൽക്കാണ് ലഭ്യമായിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ വിവിധ തസ്തികകളും അവയുടെ എണ്ണവും ഇനം തിരിച്ച് ലഭ്യമാക്കേണ്ടതാണ് (സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാണെങ്കിൽ നൽകുക).

3) സർക്കാർ നഗരസഭക്കായി താൽക്കാലികമായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവിധ വിഭാഗങ്ങളിലായി ഇപ്രകാരം അനുമതി നൽകിയ തസ്തികകളുടെ ഇനവും, ഏണ്ണവും, ഏത് തീയതി മുതൽക്കാണ് അനുമതി ലഭ്യമായിട്ടുള്ളത് തുടങ്ങിയ വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. (സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാണെങ്കിൽ നൽകുക)

(ഓഡിറ്റ് എൻക്വയറി നം.10/22.01.22 ന് മറുപടി ലഭിച്ചില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

14.03.2018-ലെ സർക്കാർ ഉത്തരവ് നം.690/18/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതേ ഉത്തരവിൽ തന്നെ എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്ക് നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങാവുന്നതാണ് എന്നും പറയുന്നു. ഈ ഉത്തരവ് പ്രകാരം എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ്. നഗരസഭകൾക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനാണ് അനുമതിയുള്ളത്. മേൽ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി നഗരസഭയിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിലേക്കായി ക്വട്ടേഷൻ പ്രകാരം സിബി ജോൺ എന്നയാളുടെ KL-48 H 7188 എന്ന വാഹനം വാടകയ്ക്ക് എടുക്കുകയും ഇതിനായി 2019-20 വർഷത്തിൽ 76668 രൂപയും 2020-21 വർഷത്തിൽ 567766 രൂപയും 2021-22 വർഷത്തിൽ 44475 രൂപയും അടക്കം ആകെ 688909 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ PW1-14005/18 പരിശോധിച്ചതിൽ കാണപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ.(പി)നമ്പർ 45/2018/Tran. തീയതി 11.12.2018 പ്രകാരം പുതുക്കിയ ടാക്സി നിരക്ക് (1500 സി.സിയിൽ കുറഞ്ഞത്) കിലോമീറ്ററിന് 15 രൂപയാണ്. നഗരസഭ വാടകയ്ക്ക് എടുത്ത വാഹനത്തിന് ഒരു മാസം 1500 കി.മീറ്റർ വരെ 19 രൂപ/കി.മീ. പ്രകാരവും 1500 കഴിഞ്ഞ് വരുന്ന ദൂരത്തിന് 32 രൂപ/കി.മീ. നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 31/28.01.2021ന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാമെന്ന ഉത്തരവ് നഗരസഭയ്ക്ക് ബാധകമാണ് എന്നും 19 രൂപ എന്ന നിരക്ക് കൌൺസിൽ തീരുമാനപ്രകാരമാണെന്നും ടി നിരക്ക് നഗരസഭയ്ക്ക് നഷ്ടം വരുത്തുന്നതല്ല എന്നുമുള്ള മറുപടിയാണ് നൽകിയത്. ഒരു കി.മീറ്ററിന് 32 രൂപ നൽകിയതിനെ സംബന്ധിച്ച് മറുപടിയൊന്നും പറഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമാണ്. സർക്കാർ ഉത്തരവു പ്രകാരമുള്ള കി.മീറ്ററിന് 15 രൂപയിൽ വെയിറ്റിങ്ങ് ചാർജ്ജ് ഉൾപ്പെടുന്നില്ല എന്ന് ടിയാൻ മറുപടി നൽകിയിട്ടുണ്ട്. അത് അംഗീകരിച്ചുകൊണ്ട് കി.മീറ്ററിന് 19 രൂപ നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നില്ല എങ്കിലും അതിൽ കൂടുതൽ നൽകിയ തുക കി.മീറ്ററിന് 13 രൂപ പ്രകാരം (32-19) 1500 കി.മീറ്ററിന് മുകളിൽ ഓടിയ ദൂരത്തിന് ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്ര നടത്തിയ മാസം | വൌച്ചർ നമ്പർ/തീയതി | നൽകിയ തുക | ആകെ ഓടിയ ദൂരം | 32 രൂപ നിരക്കിൽ ഓടിയ ദൂരം | അധികം നൽകി തുക @13 (32-19) |
|---|---|---|---|---|---|---|
| 1 | 01/2020 | 21901244/26.2.2020 | 34638 | 1684 | 184 | 2392 |
| 2 | 02/2020 | 21901374/31.3.2020 | 42030 | 1915 | 415 | 5395 |
| | 2019-20 വർഷത്തിൽ ആകെ | | 76668 | | | 7787 |
| 3 | 03/2020 | 22000053/28.4.2020 | 69646 | 2778 | 1278 | 16614 |
| 4 | 04/2020 | 22000275/10.06.2020 | 142030 | 5040 | 3540 | 46020 |
| 5 | 05/2020 | 22000479/30.7.2020 | 49902 | 2161 | 661 | 8593 |
| 6 | 06/2020 | 22000573/25.8.2020 | 65934 | 2662 | 1162 | 15106 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 07/2020 | 22000667/16.9.2020 | 56462 | 2366 | 866 | 11258 |
| 8 | 08/2020 | 22000864/16.10.2020 | 43726 | 1968 | 468 | 6084 |
| 9 | 09/2020 | 22001063/4.12.2020 | 35438 | 1709 | 209 | 2717 |
| 10 | 10/2020 | 22001146/1.1.2021 | 43982 | 1976 | 476 | 6188 |
| 11 | 11/2020 | 22001358/3.2.2021 | 39214 | 1827 | 327 | 4251 |
| 12 | 12/2020 | 22001431/20.2.2021 | 21432 | 1128 | -- | |
| | 2020-21 വർഷം ആകെ | | 567766 | | | 116831 |
| 13 | 02/2021 (കരാർ പുതുക്കിയതു പ്രകാരം 1500 കി.മീ.കഴിഞ്ഞാൽ കി.മീറ്ററിന് 25 രൂപ) | (2021-22 സാമ്പത്തിക വർഷത്തിലാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്) | 44475 | 2129 | 629 | 3774 |
| | ആകെ (2019-20, 2020-21, 2021-22 വർഷങ്ങളിൽ) | | | | | 128392 |

ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാമെന്ന സർക്കാർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് വടക്കാഞ്ചേരി നഗരസഭ വാഹനം വാടകയ്ക്ക് എടുത്ത് 2019-20 വർഷത്തിൽ ചെലവഴിച്ച ആകെ തുകയിൽ നിരാകരിച്ച 7787 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

| | |
|---|---|
| പ്രൊജക്ട് നം. | 344/20 |
| പ്രൊജക്ട് | അംബേദ്കർ റോഡ് |
| സാങ്കേതികാനുമതി | 104286/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/88939 Dtd. 17.02.18 |
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ഉണ്ണികൃഷ്ണൻ.വി.കെ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 12/18-19/AE/LSGD/PW1 Dtd. 03.11.18 |
| എം.ബുക്ക് | 176/2018-19 |
| വൗച്ചർ നംപർ, തുക | 21900347/17.04.19 = 4,81,284 (MGR) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 481284 |
| (-)ആദായനികുതി 1% | 4813 | |
| (-)ക്ഷേമനിധി വിഹിതം 1% | 4813 | |
| (-)ജി.എസ്.ടി 2% | 9626 | |
| ആകെ കിഴിവ് | | 19252 |
| കരാറുകാരന് നൽകിയത് | | 462032 |

എം ബുക്ക് പേജ് 16 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി S65 ബിറ്റുമിൻ 2556.78 കി.ഗ്രാം ഉം, RS1

ബിറ്റുമിൻ 291.35 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 576.61കി.ഗ്രാം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ പരിഗണിച്ച മൂല്യത്തിൽ ബിറ്റുമിന്റെ ബാരൽ വില അടക്കം ഉൾപ്പെട്ടിട്ടുണ്ട്. കാലിബാരൽ തിരികെ ഏൽപ്പിക്കാത്തതിനാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് ( S65 ബിറ്റുമിൻ 2556.78/156 = 16 ബാരൽ , RS1 ബിറ്റുമിൻ + SS1 ബിറ്റുമിൻ 867.96/182 = 5 ബാരൽ ആകെ 21 ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 481284 |
| (-)ആദായനികുതി 1% | 4813 | |
| (-)ക്ഷേമനിധി വിഹിതം 1% | 4813 | |
| (-)ജി.എസ്.ടി 2% | 9626 | |
| (-)കാലി ബാരൽ വില 21 എണ്ണം @ 238/one | 4998 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 900 | |
| ആകെ കിഴിവ് | | 25150 |
| കരാറുകാരന് അർഹമായത് | | 456134 |
| കരാറുകാരന് നൽകിയത് | | 462032 |
| അധികം നൽകിയത് | | 5898 |

Packed Bitumenന്റെ കാലി ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം (മേൽ വിവരിച്ച പ്രവൃത്തി ഉൾപ്പെടെ) ഓരോ പ്രവൃത്തിയിലും കരാറുകാർക്ക് അധിക തുക നൽകാനിടയായി. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | സാങ്കേതികാനുമതി നം. | വൗച്ചർ നംപർ | തുക | എം ബുക്ക് | ബിറ്റുമിൻ ആവശ്യകത | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @238/E&18%GST അടക്കം |
|---|---|---|---|---|---|---|---|---|
| 1 | 344/20 | 104286/17-18 | 21900347/17.04.19 | 481284 | 176/18-19 | VG30 = 2556.78 Kg<br>RS 1 = 291.35 Kg<br>SS1 = 576.61 Kg | 16+5 = 21 | 5898 |
| 2 | 340/20 | 73196/18-19 | 21900368/17.04.19 | 289775 | 133/18-19 | VG30 = 1205.67 Kg<br>RS1 = 157.13 Kg<br>SS1 = 485.70 Kg | 8+3 = 11 | 3089 |
| 3 | 341/20 | 70383/18-19 | 21900346/17.04.19 | 331842 | 134/18-19 | VG30 = 2738.26 Kg<br>RS1 = 224.76 Kg | 17+1 = 18 | 5055 |
| 4 | 400/20 | 66670/18-19 | 21900381/12.07.19<br>21901292/15.01.20 | 117847<br>176009 | 132/18-19 | VG30 = 1082.41 Kg<br>RS1 = 141.07 Kg<br>SS1 = 436.04 Kg | 7+3 = 10 | 2808 |
| 5 | 625/20 | 107486/ 17-18 | 21900361/ 12.07.19 | 200000 361563 | 117/ 18-19 | VG30 = 2573.09kg | 16+3 =19 | 5336 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 21900510/ 12.07.19 | | | RS1= 273.43 Kg<br>SS1=359.81 Kg | | |
| 6 | 440/20 | 70420/ 18-19 | 21900383/ 12.07.19 | 299645 | 201/18-19 | VG30 = 1139.97 Kg<br>RS1 = 148.57kg<br>SS1= 459.23 Kg | 7+3 =10 | 2808 |
| 7 | 365/20 | 28356/ 18-19 | 21900502/ 12.07.19 | 314737 | 189/ 18-19 | VG30 = 1183.71 Kg<br>RS1 = 154.28 Kg<br>SS1 = 476.85 Kg | 7+3 =10 | 2808 |
| 8 | 510/20 | 107746/ 18-19 | 21900360/12.07.19 | 320672 | 108/18-19 | VG30 = 2374.61 Kg<br>RS1 = 240.23 Kg | 15+1=16 | 4493 |
| 9 | 454/20 | 65532/ 18-19 | 21900374/12.07.19 Cheque No: 6077131/16.10.19 | 150000 431707 | 2/19-20 | VG30 = 1234.77 Kg<br>RS1 = 160.93 Kg<br>SS1= 497.42 KG | 8+3 =11 | 3089 |
| 10 | 388/20 | 63039/ 17-18 | 21900376/29.07.19 Cheque No: 2353237/05.03.20 | 100000 145735 | 212/18-19 | VG30 = 1992.93 Kg<br>RS1 = 199.23kg | 13+1 =14 | 3932 |
| 11 | 367/20 | 28934/18-19 | 21900375/29.07.19 | 387106 | 24/19-20 | VG30 = 3147.28kg<br>RS1 = 289.17 Kg | 20+2 =22 | 6178 |
| 12 | 373/20 | 66679/18-19 | 21900661/ 05.09.19 | 556582 | 30/19-20 | VG30 = 1972.58 Kg<br>RS1 = 257.09 Kg<br>SS1 = 794.64 Kg | 12+6 =18 | 5055 |
| 13 | 371/20 | 44859/18-19 | 21900659 /05.09.19 | 385303 | 12/19-20 | VG30 = 1266.13 Kg<br>RS1 = 165.02 Kg<br>SS1 = 510.05kg | 8+4 =12 | 3370 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | 461/20 | 70850/ 18-19 | 21900779/ 16.10.19 Cheque No: 0661545/ 18.11.19 0661546/ 18.11.19 | 166030 300000 468497 | 34/19-20 | VG30 = 1976.86kg<br>RS1 = 257.65 Kg<br>SS1 = 796.37kg | 12+6 =18 | 5055 |
| 15 | 486/20 | 90518/18-19 | 21900373/ 29.07.19 21900790/07.11.19 | 300000 86491 | 237/18-19 | VG30 = 3120.85kg<br>RS1 = 280.62 Kg | 20+1 = 21 | 5898 |
| 16 | 423/20 | 94890/18-19 | 21901290/ 09.01.20 | 290000 | 61/19-20 | VG30 = 1117.79kg<br>RS1 = 145.68kg<br>SS1 = 450.30 Kg | 7+3 =10 | 2808 |
| | ആകെ | | | | | | | 67680 |

ഈ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.81/02.02.2022) നൽകുകയുണ്ടായി. ഇതിന് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം പാക്ക്ഡ് ബിറ്റുമിൻ സൈറ്റിൽ സപ്ലൈ ചെയ്യുന്നതിനുള്ള തുകയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, പാക്ക്ഡ് ബിറ്റുമിന് നിലവിലെ മാർക്കറ്റ് നിരക്കല്ല നൽകിയിട്ടുള്ളതെന്നും പ്രൈസ് സോഫ്റ്റ് വെയറിലെ സർക്കാർ നിരക്കാണെന്നും ബിറ്റുമിൻ സപ്ളൈ ചെയ്ത് പ്രവൃത്തിചെയ്തിട്ടുള്ള സാഹചര്യത്തിൽ ഒഴിഞ്ഞ ബാരൽ നിരക്ക് കുറവ് ചെയ്യേണ്ടതില്ലെന്നും ആയത് തെറ്റായ പ്രവണതയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ MORD ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള മേൽ വിവരിച്ച പ്രവൃത്തികളിൽ ബിറ്റുമിൻ നിരക്ക് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം മാർക്കറ്റ് നിരക്കാണ് ( MORD ലെ MRഗണത്തിൽ പെട്ട നിരക്ക്) ഉൾക്കൊള്ളിക്കുന്നത്. അതുകൊണ്ടാണ് ഇത് സംബന്ധിച്ച ഡാറ്റയിൽ ബിറ്റുമിൻ നിരക്കിനു മുകളിൽ കോസ്റ്റ് ഇൻഡക്സ് പ്രത്യേകമായി അനുവദിക്കാത്തത്. ഇതിനു പുറമേ, പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ബിറ്റുമിൻ വില പാക്ക്ഡ് ബിറ്റുമിൻ നിരക്കിലാണ് ഉൾപ്പെടുത്തുന്നതെങ്കിൽ കരാറുകാരന് പാസ്സാക്കി നൽകുന്ന പ്രവൃത്തിയുടെ മൂല്യത്തിലും പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുന്നുണ്ട്. സ്വാഭാവികമായും പൂർത്തീകരിച്ച കഴിഞ്ഞ പ്രവൃത്തിയുടെ ഉപയോഗപ്പെടുത്തിയ ബാരൽ വില ഉൾപ്പെടെ കരാറുകാരന് അനുവദിക്കുന്ന മൂല്യത്തിൽ ഉൾപ്പെട്ടതിനാൽ കരാറുകാരന് ഒഴിഞ്ഞ ബാരലുകൾക്കുള്ള അർഹത നഷ്ടപ്പെടുകയും അത് പ്രവൃത്തിയുടെ മൂല്യം അനുവദിച്ച സ്ഥാപനത്തിന്റേതായി തീരുകയും ചെയ്യുന്നു. ഇപ്രകാരം ബാരൽ സ്ഥാപനത്തിന് തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ അതിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായുണ്ട്. ഈ കാരണത്താൽ എഞ്ചിനീയറുടെ മറുപടി പരിഗണനാർഹമല്ല.

അതിനാൽ കരാറുകാർക്ക് തെറ്റായി അധികം അനുവദിച്ചു നൽകിയ 67680 രൂപ തുക കൈപ്പറ്റിയ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക തിരികെ ഈടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | Nil | | | | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ജില്ലാ പഞ്ചായത്ത് | Nil | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം/തീയ്യതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| GWD | കോതകുളം കുടിവെള്ള പദ്ധതി | ചെക്ക് നം. 6077131/16.10.19 | 2,50,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.കരുണാകരൻ ഷോപ്പിങ്ങ് കോംപ്ളക്സ് ലോൺ | - | 6000000 | 3732312 | 593763 | | 3138549 |
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി (വടക്കാഞ്ചേരി) | (1)നം. 61507/ ഡി.ബി.1/14 Dt.22.11.2014 | | 18514275 | 500000 | - | 18014275 |
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി (മുണ്ടത്തിക്കോട്) | (2)നം. 63577/ ഡി.ബി.(1)/ 14 ത.സ്വ.ഭ.വ. | | 14890333 | 500000 | - | 14390333 |
| ഹഡ്കോ വായ്പ | | 17.84ലക്ഷം | | 638667 | | 52613333 |

മേൽ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ബി-5, ബി-6 മായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 515300 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 515300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 515300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| നിക്ഷേപത്തിന്റെ വിവരം | ലഭ്യമല്ല |
| ആകെ | 515300 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 29,68,82,238.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 26,68,07,271.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75,467 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,56,245 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 7,787 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 3-2 | | 35,665 | ശ്രീമതി. സീബ.എം.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 32,015 | ശ്രീ. മഹേന്ദ്ര.പി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | -- | 75,467 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 68,881 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 1-26 | 81120 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 1-30 | 7,17,635 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 1-35 | 8,000 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |

| | | |
|---|---|---|
| 1-36 | 15,000 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 1-38 | 10,26,838 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 1-39 | 6,709 | മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി |
| 1-49 | 41,970 | ശ്രീ. മഹേന്ദ്ര.പി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-50 | 90,092 | ശ്രീ. മഹേന്ദ്ര.പി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 20,56,245 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് അനസ്.കെ.എം. സെക്രട്ടറി | സെക്രട്ടറി, ഇരിങ്ങാലക്കുട നഗരസഭ | കണ്ണംങ്കേരി ഹൗസ്, കുറ്റിക്കാട്ടുകര (പി.ഓ) പാതാളം, ഏലൂർ, എറണാകുളം-683501 |
| ശ്രീമതി സീബ.എം.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൃശ്ശൂർ കോർപ്പറേഷൻ | കൈതവളപ്പിൽ ഹൗസ്, വില്ലടം, പി.ഓ.രാമവർമ്മപുരം-680631 |
| ശ്രീ. മഹേന്ദ്ര.പി.എ, അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മഹേന്ദ്ര.പി.എ, അസിസ്റ്റന്റ് എഞ്ചിനീയർ,വടക്കാഞ്ചേരി നഗരസഭ | പൊറ്റേക്കാട് ഹൗസ്, പി.ഓ. എൽത്തുരുത്ത്, സ്വാമി പാലത്തിനു സമീപം, തൃശ്ശൂർ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(എം.)117/2017/ 31.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(എം.)1566/17/ 30.11.2017 |
| 2017-18 | കെ.എസ്.എ.-ടി.എസ്.ആർ.(എം) 865/19/ 19.07.2019 |
| 2018-19 | കെ.എസ്.എ.-ടി.എസ്.ആർ.(എം) 328/20/ 20/05/2020 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്